മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 48 | THE ONLINE OFFICIAL NEWS BULLETIN | 2025 November 27

SEASON OF THE ANNUNCIATION ❀ അറിയിപ്പുകാലം ❀ ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
30 ♪5 Mezalto St. Mary's Visit to Elizabeth ✝ Comme. of St. Anderw the Apostle	1 ♪1 Beginning of Nativity Lent	2 ♪5	3 ♪1 53rd Mem. of Thoma Mar Dionysius Metropolitan (Pathanapuram Mt. Tabor Dayara)	4 ♪5 Comme. of the Martyrs St. Barbara and St. Juliana	5 ♪1	6 ♪5 Comme. of St. Soke (St. Nicholas) Bishop of Myre (Christmas Father)



ഓസ്ട്രേലിയയിൽ ശ്ലൈഹിക സന്ദർശനത്തിനെത്തിയ പരിശുദ്ധ കാതോലിക്കാ ബാവാ കാൻബറയിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ ഗോപാൽ ഭാഗ്ലെയുമായി കൂടിക്കാഴ്ച്ച നടത്തി.



H.H. Baselios Marthoma Mathews III Catholicos, was warmly received at the headquarters of the Armenian Orthodox Church in Sydney under the leadership of His Eminence Bishop Vardan Navasardyan. Dr. Yuhanon Mar Diascoros accompanied His Holiness. The faithful community in Sydney witnessed this cordial gathering of two sister churches within the Oriental Orthodox communion.



സെറാംപൂർ സർവ്വകലാശാല കോൺവൊക്കേഷൻ കൽക്കട്ടായിലെ സെറാംപൂർ കോളജിൽ നടന്നു. പങ്കെടുത്ത മലങ്കര ഓർത്തഡോക്സ് സഭാ പ്രതിനിധികൾ: ഡോ ഗീവർഗീസ് മാർ യൂലിയോസ് (സഭകളുടെ ദേശീയ സമിതി അദ്ധ്യക്ഷൻ), ഡോ. സഖറിയാസ് മാർ അപ്രേം (അദ്ധ്യക്ഷൻ, സെറാംപൂർ സർവ്വകലാശാല), ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് (അദ്ധ്യക്ഷൻ, മലങ്കര ഓർത്തഡോക്സ് സഭ എക്യുമെനിക്കൽ റിലേഷൻസ് സമിതി), ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ (പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം).



കോട്ടയം പഴയ സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെയും, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ ആചരിച്ചു. ശുശ്രൂഷകൾക്ക് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നിവർ നേതൃത്വം നൽകി.



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഓസ്ട്രേലിയൻ ഫെഡറൽ പാർലമെന്റ് ഹൗസിൽ യുക്രൈൻ കത്തോലിക്കാ സഭയുടെ കർദിനാൾ മൈക്കോള ബൈചോക്കിനൊപ്പം.

കാതോലിക്കാ ബാവക്ക് ഓസ്ട്രേലിയൻ ഫെഡറൽ പാർലമെന്റ് ഹൗസിൽ സ്വീകരണം

കാതോലിക്കാ ബാവയെ വരവേറ്റ് ഓസ്ട്രേലിയൻ ഫെഡറൽ പാർലമെന്റ് ഹൗസ്

കോട്ടയം: പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ഓസ്ട്രേലിയൻ ഫെഡറൽ പാർലമെന്റ് ഹൗസിൽ സ്വീകരണം നൽകി. ഓസ്ട്രേലിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ഡോ. ഗോപാൽ ഭാഗ് മുഖ്യ സന്ദേശം നൽകി. ഫെഡറൽ ബീൻ എം. പി. ഡേവിഡ് സ്മിത്തിന്റെ നേതൃത്വത്തിൽ കാതോലിക്കാ ബാവായെ സ്വീകരിച്ചു. സെനറ്റർ ഡെബോറ ഓനീൽ, എം. പി. മാരായ സ്റ്റീവ് ജോർജനാസ്, ആൻഡ്രൂ ചാൾട്ടൻ, ഡേവിഡ് മോൺക്രിഫ്, ഡോ. ആൻ ഡ്രൂ ലീ എന്നിവരും ഒപ്പമുണ്ടായിരുന്നു. യുക്രൈൻ കത്തോലിക്കാ സഭയുടെ കർദിനാൾ മൈക്കോള ബൈചോക്ക്, ആംഗ്ലിക്കൻ ബിഷപ്പ് മാർക്ക് ഷോർട്ട്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഫാ. തോമസ് വർഗീസ് കോർഎപ്പിസ്കോപ്പാ, ഫാ.അനീഷ് കുഞ്ഞപ്പൻ, ജേക്കബ് വടക്കേടത്ത് എന്നി വർ സംസാരിച്ചു. മലങ്കരസഭയുടെ ഏഷ്യാ പസിഫിക് ഭദ്രാസന വാർഷികത്തിൽ പങ്കെടുക്കുന്നതിനായാണ് കാതോലിക്കാ ബാവാ ഓസ്ട്രേലിയയിൽ എത്തിയത്.

നൈജീരിയയിൽ കുരുന്നുകളെ ബന്ദികളാക്കിയത് മനുഷ്യത്വരഹിതം

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

നൈജീരിയയിലെ ക്രിസ്ത്യൻ സ്ക്കൂളിൽ അതിക്രമിച്ച് കടന്ന് മുന്നൂറോളം കുട്ടികളെയും അധ്യാപകരെയും തട്ടിക്കൊണ്ടുപോയ സംഭവം ലോകമനസാക്ഷിയോടുള്ള വെല്ലുവിളിയാണ്. അറിവിന്റെ അക്ഷരമുറ്റത്ത് നിന്നാണ് കുരുന്നുകളെ തോക്ക് ചൂണ്ടി തട്ടിക്കൊണ്ടുപോയത്. വർഗീയതയുടെയും, മതവെറിയുടെയും അന്തരീക്ഷത്തിലേക്ക് നിഷ്കളങ്കരായ കുഞ്ഞുങ്ങളെ വലിച്ചിടുന്നത് ക്രൂരമാണ്. കുട്ടികളുടെ മോചനത്തിന് ലോകനേതാക്കൾ ഇടപെടണം. നൈജീരിയയിൽ ക്രൈസ്തവരെ ലക്ഷ്യമിട്ടുള്ള ആക്രമണ പരമ്പരകൾ വർധിക്കുന്നതിൽ ആശങ്ക രേഖപ്പെടുത്തുന്നു. കുട്ടികളും, അവരുടെ അധ്യാപകരും എത്രയും വേ?ഗം സുരക്ഷിതരായി മടങ്ങിയെത്തട്ടെ.. പ്രത്യാശയോടെ.. പ്രാർത്ഥനയോടെ..



ഏഷ്യാ പസിഫിക് ഭദ്രാസന വാർഷികം ആഘോഷിച്ചു.

സിഡ്നി: മലയാളികളുള്ള മണ്ണിലേക്കെല്ലാം മലങ്കരസഭ വളർന്ന് പന്തലിക്കുന്നത് അഭിമാനകരമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. സഭയുടെ ഏഷ്യാ പസിഫിക് ഭദ്രാസനത്തിന്റെ ഒന്നാം വാർഷിക ആഘോഷം സിഡ്നിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവാ. ഏഷ്യാ പസിഫിക് ഭദ്രാസനം ഒരുവർഷത്തിനുള്ളിൽ 47 പള്ളികളും 1700 സ്ഥിരം കുടുംബങ്ങളുമായി വളർച്ചയുടെ പടവുകൾ കയറുന്നത് പ്രവാസിസമൂഹത്തിന്റെ സഭാസ്നേഹമാണ് വെളിവാക്കുന്നതെന്നും പരിശുദ്ധ കാതോലിക്കാ ബാവാ കൂട്ടിച്ചേർത്തു. ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് അധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ. ഫാ. തോമസ് വർഗീസ് കോർ-എപ്പിസ്കോപ്പാ സ്വാഗതം ആശംസിച്ചു.

ഭദ്രാസന സൺഡേ സ്കൂൾ സഭയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സഹോദരൻ പദ്ധതിക്ക് വേണ്ടി സമാഹരിച്ച തുക പ. കാതോലിക്കാ ബാവായ്ക്ക് കൈമാറി. ഏഷ്യാ പസിഫിക് ഭദ്രാസനം യാത്രയുടെ കഥ- എന്ന ടൈംലൈൻ യോ?ഗത്തിൽ അവതരിപ്പിച്ചു. ഭദ്രാസന ദിന സപ്ലിമെന്റ് ഹാഗിയോസ്, 2026-ലെ ഭദ്രാസന കലണ്ടർ എന്നിവ ചടങ്ങിൽ പ്രകാശനം ചെയ്തു. ഭദ്രാസനത്തിന്റെ വളർച്ചക്കായി പ്രവർത്തിച്ച വ്യക്തികളെയും, സംഘടനകളെയും ഭദ്രാസന സുഹൃത്തുക്കൾ എന്ന പേരിൽ ആ?ദരിച്ചു.


മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയംഗം ജേക്കബ് വടക്കേടത്ത്, ഭദ്രാസന കൗൺസിൽ അംഗം ഡാനിയൽ ബർസ്ലീബി, വൈദിക സെക്രട്ടറി ഫാ. അനീഷ് കുഞ്ഞപ്പൻ, ഫാ. ജാക്സ് ജേക്കബ് എന്നിവർ സംസാരിച്ചു. ശ്ലൈഹിക സന്ദർശനത്തിനായി ഓസ്ട്രേലിയയിൽ എത്തിയ മലങ്കരസഭാധ്യക്ഷൻ വിവിധ സഭാ, രാഷ്ട്രീയ, സാംസ്ക്കാരിക, സർക്കാർ പ്രമുഖരുമായി കൂടിക്കാഴ്ച്ച നടത്തി.



H.H. Baselios Marthoma Mathews III celebrated the Holy Qurbana at St. Thomas Indian Orthodox Cathedral, Sydney on Sunday 23 November 2025.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1956)



1956 ഡിസംബർ

28 വെള്ളി. കാതോലിക്കേറ്റ് അരമന. സി. റ്റി. ഈപ്പൻ കത്തനാരും, ഏലിയാസ് തോമസ് കത്തനാരും മറ്റും വന്നിരുന്നു.

29 ശനി. കാതോലിക്കേറ്റ് അരമന. രാവിലെ മത്തായി കത്തനാർ മാങ്ങാനം എബനേസർ ദയറായിൽ പോയി വി. കുർബ്ബാന അർപ്പിച്ചു. ഏലിയാസ് തോമസ് കത്തനാരും, മൂലേടത്തു നിന്നും ഏബ്രഹാം കത്തനാരും വന്നിരുന്നു.

10 മണിയോടു കൂടി കുറിച്ചിയിൽ നിന്നും യോഹന്നാൻകുട്ടിയും, അവന്റെ മകൻ പത്രോസും, കൊച്ചുപാപ്പിയുടെ മകൻ ജോണും ഭാര്യയും അവന്റെ രണ്ടു സഹോദരികളും വന്നിരുന്നു. നാം ജോണിന്റെ വിവാഹം നടത്തി. അവന്റെ ഭാര്യ സി. എം. എസുകാരിയാകയാൽ അവളെ മൂറോൻ പൂശി സ്വീകരിച്ചു. അനന്തരം അവന്റെ മുടക്കു തീർത്ത് അവനെ അനുഗ്രഹിച്ചു വിട്ടു. മുടക്കു തീർത്തതായി കുറിച്ചി പള്ളിക്ക് കല്പനയും കൊടുത്തു. നാളെ കൊച്ചുപാപ്പിയുടെ ഒമ്പതാം ദിനമടിയന്തിരം നടത്തുന്ന കാര്യത്തെപ്പറ്റിയും മറ്റും അവർ പറഞ്ഞു.

30 ഞായർ. കാതോലിക്കേറ്റ് അരമന. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ മല്പാൻ യോഹന്നാൻ കത്തനാർ പ്രസംഗിച്ചു. ഇന്ന് നമ്മുടെ അനുജൻ കൊച്ചുപാപ്പിയുടെ മരണത്തിന്റെ ഒമ്പതാം ദിവസമാകയാൽ കുർബ്ബാനാനന്തരം പ്രത്യേകം ധൂപപ്രാർത്ഥന നടത്തി.

സമുദായക്കേസിന്റെ വിധി നാളെ രണ്ടു മണിക്ക് പറയുമെന്ന് പത്രത്തിൽ കണ്ടു. നമുക്കു ദോഷമായിട്ടാണ് വിധി ഉണ്ടാകുന്നതെന്ന് ഒരു ശ്രുതി തിരുനക്കരെ ഒക്കെ പ്രചരിക്കുന്നതായി കേട്ടു.

31 തിങ്കൾ. കാതോലിക്കേറ്റ് അരമന. കാലത്ത് മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് രണ്ടു മണിക്ക് കേസിന്റെ വിധി ഉണ്ടാകുമെന്നറിഞ്ഞ് മാർ ഈവാനിയോസ്, മാർ പീലക്സിനോസ് എന്നീ തിരുമേനിമാരും, ഏലിയാസ് തോമസ് കത്തനാർ, ശങ്കരത്തിൽ മത്തായി കത്തനാർ, മാനേജർ കത്തനാർ, കാരിക്കോട്ട് മാത്യൂസ് കത്തനാർ, റ്റി. എസ്. ഏബ്രഹാം കത്തനാർ, ചാലിൽ കത്തനാർ, വാഴമുട്ടത്ത് ജോഷ്വാ കത്തനാർ, കെ. ഫീലിപ്പോസ് കത്തനാർ, കൊല്ലാട്ടു പള്ളി വികാരി ആദിയായി അനേകം പട്ടക്കാരും, സമുദായ സെക്രട്ടറി ഇ. ജെ. ജോസഫ്, കൊച്ചുകൊച്ച്, കുട്ടിയപ്പൻ ആദിയായി ഒട്ടുവളരെ അയ്മേനികളും ഇവിടെ കൂടിയിരുന്നു. മൂന്നു മണിയായപ്പോൾ കേസ് നമുക്ക് പരിപൂർണ്ണ ദോഷമായി വിധിച്ചുവെന്നും, പാത്രിയർക്കീസ് കക്ഷികളുടെ എല്ലാ വാദമുഖങ്ങളും അതേപടി സ്വീകരിച്ചുകൊണ്ട് നാം മലങ്കര മെത്രാനായി ഒന്നും പ്രവർത്തിച്ചുകൂടായെന്നും, കരിങ്ങാശ്രയോഗം സാധുവാകയാൽ മൂന്നാം വാദി തുകലൻ പൗലോ അവിരാ ശരിയായ ട്രസ്റ്റിയാണെന്നും അയാൾക്ക് ട്രസ്റ്റു വസ്തുക്കൾ ഉടനെ കൈവശപ്പെടുത്തുന്നതിന് അനുവാദം നൽകിക്കൊണ്ടും, എം.എം. അക്കം ഘടന സ്വീകരിക്കയാൽ ഓർത്തഡോക്സ് കക്ഷി സഭയ്ക്കിതരന്മാരായിപ്പോയി എന്നും, അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായെ സുന്നഹദോസ് കൂടി മുടക്കിയിട്ടുണ്ടെന്നും, മുടക്കിനുശേഷം മലങ്കര സ്ഥാപിച്ച കാതോലിക്കാ സ്ഥാപനം അസാധുവാണെന്നും മറ്റും നീതിക്കും സത്യത്തിനും വിരുദ്ധമായി വിധിയിൽ പറഞ്ഞിട്ടുണ്ടെന്നും കേട്ടു.

വിധി അറിഞ്ഞ് മാർ അത്താനാസ്യോസ്, കൂറിലോസ് എന്നീ എപ്പിസ്കോപ്പന്മാരും, മനോരമയിലെ ഉണ്ണൂണ്ണി, മാളിയേക്കൽ മാത്തുക്കുട്ടി, വർഗീച്ചൻ, മനോഹര വർഗീസ്, പി. സി. ചെറിയാൻ, പി. സി. ഏബ്രഹാം, മോഡേൺ അവറാച്ചി, ഓയിൽ മാത്തച്ചൻ, കൊച്ചുണ്ണൂണ്ണി, അഞ്ചേരിൽ മാത്തച്ചൻ, ഒരുവട്ടിത്ര അവറാംകുട്ടി, മാളിയേക്കൽ ബാവു, ഇല്ലിക്കച്ചിറെ കുട്ടപ്പന്റെ മകൻ, കുമരകത്തു നിന്നും കുഞ്ഞൂഞ്ഞപ്പൻ, വികാരി കോശി കത്തനാർ, കുറ്റിയിൽ യോഹന്നാൻ കത്തനാർ, ചാലാശ്ശേരിൽ ഗീവർഗീസ് കത്തനാർ ആദിയായി അനേകർ ഇവിടെ കൂടി. നാം അവരെ ധൈര്യപ്പെടുത്തി. വിധി മൂലം നമ്മുടെ ആളുകൾ ഒട്ടും വിഷമിക്കരുതെന്നും ഇത് അന്ത്യവിധിയല്ലെന്നും, സുപ്രീംകോർട്ടിൽ പോയാൽ സത്യം വെളിപ്പെടുമെന്നും, സത്യം ജയിക്കുമെന്നും കഷ്ടതകൾ വന്നാൽ മനസ്സ് മടിച്ചുപോകരുതെന്നും മറ്റും കാണിച്ചും, നാലാം തീയതി ഇവിടെ വച്ച് ഭാവി പരിപാടികളെപ്പറ്റി ആലോചിക്കുന്നതിന് സമുദായാംഗങ്ങളുടെ ഒരു മീറ്റിംഗ് 3 മണിക്ക് കൂടുന്നുണ്ടെന്നും അതിൽ സംബന്ധിക്കുന്നതിന് എല്ലാ പള്ളിക്കാരെയും, വ്യക്തികളെയും ക്ഷണിച്ചുകൊണ്ട് ഒരു കല്പന പ്രസിദ്ധീകരണാർത്ഥം പത്രങ്ങൾക്ക് കൊടുത്തു.

ആറു മണിയോടു കൂടി ഇവിടെ സന്നിഹിതരായിരുന്നവർ എല്ലാവരും ചേർന്ന് നമ്മുടെ അദ്ധ്യക്ഷതയിൽ പള്ളിയകത്തു വച്ച് ഒരു മീറ്റിംഗ് കൂടി. നമ്മുടെ ക്ഷീണകാലത്ത് ഇങ്ങനെ ഇത്ര കഠിനമായ ഒരു വിധി ഉണ്ടായതിൽ അല്പം പ്രയാസം നമുക്ക് ഉണ്ടെന്നും, ഇത് ഒരു കുരിശാണെന്നും അത് ദൈവനിശ്ചയപ്രകാരം നാം വഹിക്കേണ്ടിയിരിക്കുന്നുവെന്നും നമ്മോടുകൂടി നമ്മുടെ വാത്സല്യ മക്കളെല്ലാവരും ഈ കുരിശ് വഹിക്കണമെന്നും നമ്മുടെ ഓരോരുത്തരുടെയും പാപം മൂലമാണ് ഈ കുരിശ് വഹിക്കേണ്ടി വരുന്നതെന്നും, ആകയാൽ നാം അനുതപിച്ചു ദൈവത്തോട് പ്രാർത്ഥിക്കണമെന്നും മറ്റും നാം ഗുണദോഷരൂപേണ മീറ്റിംഗിൽ പ്രസ്താവിക്കുകയും, ഇനിയത്തെ ഭാവി പരിപാടി എന്താണെന്ന് ആലോചിക്കുന്നതിന് കൂടിയവരോട് കല്പിക്കുകയും ചെയ്തു. അനന്തരം, റ്റി. എസ്. ഏബ്രഹാം കോറെപ്പിസ്ക്കോപ്പാ, അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ, കെ. എം. ചെറിയാൻ എം.എ. എന്നിവർ പ്രസംഗിച്ചു. ഇങ്ങനെ മനഃപൂർവ്വം ഏകപക്ഷീയമായി വിധി വന്നിരിക്കയാൽ ഉടനെതന്നെ

സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്ത് ഈ വിധിക്ക് ഒരു സ്റ്റേ വാങ്ങേണ്ട താണ് അത്യാവശ്യമെന്നും അതിനായി ഉടനെ ഒരു ലക്ഷം രൂപ, കേസ് ചെല വിലേക്ക് പിരിക്കണമെന്നും, കൂടിയിരിക്കുന്നവരെല്ലാം സകല കഴിവുകളും സഹായങ്ങളും വാഗ്ദത്തം ചെയ്യുന്നുവെന്നും ഒന്നുചേർന്ന് പറഞ്ഞു. കേസിന്റെ നടത്തിപ്പിന് കെ. എം. ചെറിയാൻ (മനോരമ) 5000 രൂപയും പി. സി. ഏബ്രഹാം, പി. സി. ചെറിയാൻ 5000 രൂപയും ഇല്ലിക്കച്ചിറ കുട്ടപ്പൻ 1000 രൂപയും, കുഞ്ഞൂ ഞ്ഞപ്പൻ 1000 രൂപയും, മാത്തുക്കുട്ടി 2000 രൂപയും നൽകാമെന്ന് വാഗ്ദത്തം ചെയ്തു. കൂടാതെ ഓരോ ഭദ്രാസനങ്ങളിൽ നിന്നും 10000 രൂപാ വീതം 4 ഭദ്രാ സനങ്ങളിൽ നിന്ന് 40000 രൂപ ഇടവക മെത്രാന്മാർ പിരിച്ച് ഏൽപിക്കാമെന്നും സമ്മതിച്ചു. 9 മണിയോടു കൂടി യോഗം അവസാനിച്ച് എല്ലാവരും പോയി.

1957 ജനുവരി

1 ചൊവ്വ. കാതോലിക്കേറ്റ് അരമന. ആണ്ടുപിറപ്പും, നമ്മുടെ കർത്താവിന്റെ ചേലാകർമ്മ പെരുന്നാളും പരിശുദ്ധ പിതാക്കന്മാരായ മാർ ബസേലിയോസ്, ഗ്രീഗോറിയോസ് എന്നിവരുടെ ഓർമ്മദിവസവുമാകയാൽ മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ താഴത്ത ങ്ങാടി പള്ളിപ്പെരുന്നാൾ കഴിഞ്ഞ് ഇതുവഴി വന്നു. കേസു വിധിച്ചതിന്റെ കാര്യ ത്തെപ്പറ്റിയും മറ്റും പറഞ്ഞു. വെള്ളിയാഴ്ച കൂടുന്ന യോഗത്തിൽ സംബന്ധി ക്കുന്നതിന് നേരത്തെ വന്നുചേരാമെന്നും പറഞ്ഞ് തിരുവല്ലായ്ക്ക് പോയി.

കേസ് നമുക്ക് ദോഷമായി ന്യായത്തിനും സത്യത്തിനും വിപരീതമായി ജസ്റ്റിസ് ശങ്കരനും മേനോനും കുമാരപിള്ളയും ചേർന്ന് വിധിച്ചത് കോൺഗ്രസ് സെക്രട്ടറി കെ. പി. മാധവൻനായരുടെ ശുപാർശപ്രകാരമാണെന്ന് ഒരു ബല മായ സംസാരം നാടെങ്ങും പരന്നിട്ടുണ്ട്. മാധവൻ നായരെ പാലാമ്പടം തോമസ് വശപ്പെടുത്തി അയാൾ മൂലം വിധി അവർക്ക് ഗുണമായി എഴുതിച്ചതാണെ ന്നാണ് കേൾക്കുന്നത്.

കുറിച്ചിയിൽ നിന്ന് ചാക്കോച്ചൻ വന്നിരുന്നു. കൊച്ചുപാപ്പിയുടെ 9-ാം ദിവസം അടിയന്തിരം ഭംഗിയായി നടന്നുവെന്നും ദീവന്നാസ്യോസ് മെത്രാച്ചൻ പള്ളി യിൽ വന്ന് പ്രത്യേക പ്രാർത്ഥന നടത്തി കബറുങ്കൽ ധൂപം വച്ചുംവച്ചുപോയി എന്നും മറ്റും പറഞ്ഞു.

2 ബുധൻ. കാതോലിക്കേറ്റ് അരമന. തേവോദോസ്യോസ് മെത്രാച്ചൻ കേസിന്റെ ദോഷമായ വിധിയറിഞ്ഞ് ഇവിടെ വന്ന് താമസിച്ചു. ഈവാനിയോസ് മെത്രാച്ചനും വന്നിരുന്നു.

നമ്മുടെ കേസ് വാദിച്ച നമ്പ്യാർ ഇന്ന് എറണാകുളത്തു വന്ന് സുപ്രീം കോട തിയിൽ അപ്പീൽ കൊടുക്കുന്നതിനെ സംബന്ധിച്ച് ചെറിയാൻ വക്കീൽ, അവ റാച്ചൻ, മണലിൽ അച്ചൻ എന്നിവരുമായി ആലോചിച്ച ശേഷം അവറാച്ചനോ ടു കൂടി മദ്രാസിലേക്ക് പോയി.

ഇന്നും സമുദായപ്രമാണികളിൽ പലരും പല സ്ഥലത്തു നിന്നുമായി വന്ന്, നമ്മെ കണ്ട് സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കണമെന്നും അതിനുവേ ണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്യാമെന്നും സമ്മതിച്ചു പറഞ്ഞു.

3 വ്യാഴം. കാതോലിക്കേറ്റ് അരമന. രാവിലെ ഉമ്മൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. കൂടാതെ സമുദായ സെക്ര ട്ടറി ബേബി, മാനേജരച്ചൻ, കൊച്ചുകൊച്ച് മുതലായവർ വന്ന് നാളത്തെ മീറ്റിം ഗിന്റെ സജ്ജീകരണങ്ങളെപ്പറ്റി പറഞ്ഞു.

സന്ധ്യയോടു കൂടി തീമോത്തിയോസ്, ദീവന്നാസ്യോസ് എന്നീ മെത്രാച്ച ന്മാർ വന്നു. കേസ് നടത്തുന്നതിനുള്ള പണപ്പിരിവിനെപ്പറ്റിയും മറ്റും പറയുക യുണ്ടായി.

4-11-1957. വെള്ളി. കാതോലിക്കേറ്റ് അരമന. ഇന്നും ഉമ്മൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. 10 മണിയോടു കൂടി പാമ്പാടി മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നു. ഉച്ചകഴിഞ്ഞുള്ള മീറ്റിംഗി നെപ്പറ്റി ആലോചിക്കുന്നതിന് ഒരു യോഗം 11 മണിക്ക് നമ്മുടെ അദ്ധ്യക്ഷത യിൽ കൂടി. മെത്രാച്ചന്മാരെ കൂടാതെ റ്റി. എസ്. ഏബ്രഹാം, ഏലിയാസ് തോമ സ്, ശങ്കരത്തിൽ മത്തായി എന്നീ കോറെപ്പിസ്ക്കോപ്പന്മാരും എം. സി. മാത്യു, ഇ. ജെ. ജോസഫ്, കെ. എം. വർഗീസ് മാപ്പിള, ബേബി, മനോഹര വർഗീസ്, മോഡേൺ അവറാച്ചി, കൊച്ചുണ്ണൂണ്ണി, പി. സി. ചെറിയാൻ, പി. സി. ഏബ്ര ഹാം, പുരയ്ക്കൽ ചാക്കോച്ചൻ, കെ. എം. സഖറിയാ, കെ. എൻ. ചാക്കോ, പി.

സുപ്രീംകോടതിയിൽ കേരള ഹൈക്കോടതി വിധിയിന്മേൽ ഉടനെ അപ്പീൽ പോക ണമെന്നും, അതിനാവശ്യമായ എല്ലാ പിന്തുണകളും സഭാമക്കൾ ചെയ്തുകൊള്ളാ മെന്നുമുള്ള ഒരു പ്രമേയം അഡ്വ. വള്ളക്കാലിൽ കെ. ഒ. മാത്യു അവതരിപ്പിക്കു കയും അതും സമ്മേളനം പാസ്സാക്കുകയും ചെയ്തു.

കെ. ഉമ്മൻ, ഓയിൽ മാത്തച്ചൻ, ഐക്യകേരളം കൊറ്റുകുളം കുര്യച്ചൻ ആദി യായി മുപ്പതിൽപരം പ്രമാണികളും കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർ, മാനേജരച്ചൻ, മുറിമറ്റത്തിൽ അച്ചൻ, മല്പാൻ യോഹന്നാൻ കത്ത നാർ, ഇ. ജെ. ഏബ്രഹാം കത്തനാർ ആദിയായി ഇരുപതിൽപരം വൈദികരും സംബന്ധിച്ചിരുന്നു.

സുപ്രീംകോടതിയിൽ ഈ വിധിയിന്മേൽ അപ്പീൽ എത്രയുംവേഗം പോക ണമെന്നും അതിന്റെ ചെലവിലേക്ക് തൽക്കാലം വേണ്ടിവരുന്ന ഒരു ലക്ഷം രൂപാ ഉടനെ പിരിച്ചെടുക്കണമെന്നും കേസിന്റെ നടത്തിപ്പിനും പണപ്പിരിവിനും മറ്റുമായി ഒരു കമ്മിറ്റി ഉണ്ടാക്കണമെന്നും ഈ വിവരങ്ങളെല്ലാം ഉച്ചകഴിഞ്ഞു കൂടുന്ന യോഗത്തിൽ പ്രസ്താവിക്കണമെന്നും കാതോലിക്കാ സിംഹാസന ത്തോടും, നമ്മോടും ഉള്ള ഭക്ത്യാദരവ് രേഖപ്പെടുത്തിയും, കേസ് സുപ്രീംകോട തിയിൽ നടത്തണമെന്നും മറ്റുമായി രണ്ടു മൂന്ന് പ്രമേയങ്ങൾ ഉച്ചകഴിഞ്ഞുള്ള സമ്മേളനത്തിൽ അവതരിപ്പിക്കണമെന്നും മറ്റും പാസ്സാക്കി കമ്മിറ്റിക്കാരായി 25 പേരെ തെരഞ്ഞെടുത്തു. പ്രസിഡണ്ട് മാർ അത്താനാസ്യോസ് എപ്പിസ്ക്കോ പ്പായും, സെക്രട്ടറിയും, ട്രഷറാറും, സമുദായ സെക്രട്ടറി ഇ. ജെ. ജോസഫും ആയാൽകൊള്ളാമെന്ന് അഭിപ്രായം വരികയും നാം അതിനെ അംഗീകരിക്കു കയും ചെയ്തു.

രണ്ടു മണിയായപ്പോഴേക്കും നാടിന്റെ നാനാഭാഗത്തു നിന്നും ധാരാളം ആളു കൾ കാറുകളിലും ബസ്സുകളിലുമായി ഇവിടെ വന്നു തുടങ്ങി. മൂന്നു മണിക്ക് ചാപ്പലിൽ വച്ച് പൊതുസമ്മേളനം നമ്മുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ഒസ്താത്തിയോസ് മെത്രാച്ചനൊഴിച്ച് എല്ലാ മെത്രാന്മാരും നൂറിൽപരം വൈദി കരും പതിനായിരത്തിൽപരം സഭാസ്നേഹികളും മീറ്റിംഗിൽ സംബന്ധിക്കു ന്നതിന് പള്ളിയിലും പരിസരങ്ങളിലുമായി തിങ്ങിക്കൂടിയിരുന്നു. നാം ഉപക്രമ മായി പ്രസംഗിച്ചു. അനന്തരം ദീവന്നാസ്യോസ് മെത്രാച്ചനും റ്റി. എസ്. ഏബ്രഹാം കോറെപ്പിസ്ക്കോപ്പായും, സി. ഐ. നൈനാൻ, വി. ജി. ജോർജ് എന്നിവരും കാതോലിക്കാ സ്ഥാപനത്തിന്റെ സാധുതയെപ്പറ്റിയും, അബ്ദൽ മശിഹാ ബാവായുടെ പട്ടത്വത്തെപ്പറ്റിയും ജസ്റ്റീസന്മാരായ കുഞ്ഞുരാമ, ശങ്ക രമേനോന്മാരുടെ വിധിയെപ്പറ്റിയും, നമ്മുടെ സഭ സ്വാതന്ത്ര്യത്തിനുവേണ്ടി വരുന്ന എല്ലാ കഷ്ടതകളും സഹിക്കേണ്ടത് ആവശ്യമാണെന്നും അതിന് ഏതു കോടതിയിലും പോകണമെന്നും, അതിനാവശ്യമായ പണച്ചെലവുകൾ സഭാ സന്താനങ്ങൾ ഓരോരുത്തരും സ്വമനസ്സാ വഹിക്കണമെന്നും മറ്റും പ്രസംഗി ച്ചു. പ്രസംഗം ജനക്കൂട്ടത്തിന് ശരിയായി കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി ചാപ്പലിന് ക്രമീകരിച്ചിരുന്നു. അനന്തരം കാതോലിക്കാ സിംഹാസനത്തോടും അതിന്റെ അധിപതിമാരോടും എന്നാളും ഭക്ത്യാദരവുള്ളവരായി ഉറച്ചുനിന്നു കൊള്ളാമെന്ന പ്രമേയം ഫോർവേർഡ് ബാങ്ക് മാനേജിംഗ് ഡയറക്ടർ മാളി യേക്കൽ മാത്തുക്കുട്ടി അവതരിപ്പിക്കുകയും എല്ലാവരും എഴുന്നേറ്റ് നിന്ന് അതു പാസ്സാക്കുകയും ചെയ്തു.

സുപ്രീംകോടതിയിൽ കേരള ഹൈക്കോടതി വിധിയിന്മേൽ ഉടനെ അപ്പീൽ പോകണമെന്നും, അതിനാവശ്യമായ എല്ലാ പിന്തുണകളും സഭാമക്കൾ ചെയ്തു കൊള്ളാമെന്നുമുള്ള ഒരു പ്രമേയം അഡ്വ. വള്ളക്കാലിൽ കെ. ഒ. മാത്യു അവ തരിപ്പിക്കുകയും അതും സമ്മേളനം പാസ്സാക്കുകയും ചെയ്തു.

മീറ്റിംഗിന്റെ മധ്യത്തിൽ ഇതുവരെ കേസിന്റെ അപ്പീൽ സുപ്രീംകോടതി യിൽ പോകുന്നതിന്റെ ചെലവിലേക്ക് സംഭാവന ചെയ്യാമെന്നു സമ്മതിച്ചവ രുടെ ലിസ്റ്റ് വായിക്കുകയും തുടർന്ന് പല പള്ളിക്കാരും, പട്ടക്കാരും, അത്മായ പ്രമാണികളും ഓരോ ഗണ്യമായ തുക വാഗ്ദത്തം ചെയ്യുകയും ചെയ്തു. 31 -ാം തീയതി വൈകിട്ടു ചെയ്ത വാഗ്ദത്ത സംഖ്യ ഉൾപ്പെടെ ഇപ്പോൾ ഒരു ലക്ഷം രൂപായോളം വാഗ്ദത്തമായി ലഭിച്ചിട്ടുണ്ട്. പ്രാർത്ഥനാനന്തരം യോഗം അവസാനിച്ചു. തീമോത്തിയോസ്, തേവോദോസ്യോസ് എന്നീ മെത്രാന്മാരൊ ഴിച്ച് എല്ലാവരും തിരിച്ചുപോയി.

അയ്മനള്ളിൽ നിന്നും ഡോ. കെ. സി. പോൾ വന്നിരുന്നു. അദ്ദേഹം നമ്മെ പരിശോധിച്ചിട്ട് കുത്തിവെയ്ക്കുന്നതിന് രണ്ടു മരുന്നുകൾ നിർദ്ദേശിച്ചിട്ടു പോയി.

(തുടരും)



1950 നവംബറിലെ അദ്ധ്യാപക സമരം

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ

(2025 നവംബർ 28-നു 75 വർഷം പിന്നിടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സമരത്തെക്കുറിച്ച് പ. ഗീവർഗീസ് രണ്ടാമൻ ബാവാ ഡയറിയിൽ എഴുതിയ വിവരങ്ങൾ. 1957 വരെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കുട്ടികൾ കൊടുക്കുന്ന ഫീസിൽ നിന്നും മാനേജ്മെന്റാണ് ശമ്പളം നൽകിയിരുന്നത്. സ്കൂൾ നടത്തിപ്പിനായി ഒരു വാർഷിക ഗ്രാന്റ് ഗവൺമെന്റ് നൽകിയിരുന്നു.)

2-11-1950. ഇന്ന് പരുമല പെരുന്നാൾ ദിവസം നാമും മാർ തേവോദോസിയോസ് മെത്രാച്ചനും മാരേട്ടെ റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. ... കുർബ്ബാനയ്ക്കു ശേഷം കൃത്യം 11 മണിക്ക് പള്ളി അങ്കണത്തിൽ വച്ചു സിറിയൻ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പി. ഐ. സൈമണിന്റെ അദ്ധ്യക്ഷതയിൽ ഒരു വമ്പിച്ച യോഗം കൂടി. സിറിയൻ കോൺഗ്രസ് പരിപുഷ്ടമാക്കേണ്ടതിന്റെ ആവശ്യകത രാഷ്ട്രീയമായും സാമുദായികമായും വിദ്യാഭ്യാസപരമായും സുറിയാനിക്കാർക്കുള്ള അവശതകളെ പരിഹരിക്കുന്നതിന് സംഘടിതശ്രമം നടത്തണമെന്നും, ഗവൺമെന്റ് വിദ്യാഭ്യാസ നയത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചും നിശ്ചയങ്ങൾ ചെയ്തു. സി. ഐ. നൈനാൻ, മാത്യു ചേപ്പാട്, സി. റ്റി. ഈപ്പൻ മുതൽപേരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

യോഗം അവസാനിക്കാറായപ്പോഴേക്കും നാം മാർ ദീവന്നാസ്യോസ് മെത്രാച്ചനുമൊന്നിച്ചു യോഗം സന്ദർശിക്കുകയും കോൺഗ്രസിന് സർവ്വ ഭാവുകങ്ങളും ആശംസിക്കുകയും സഭയുടെ മക്കളായി ജനങ്ങൾ ആയിത്തീരുന്നതിനും ക്രിസ്തീയമായ നിലയിൽ കൂടി മാത്രം പ്രവർത്തിക്കുന്നതിനും ആത്മീയത്തിലും വിശ്വാസ സ്ഥിരതയിലും വളരുന്നതിനും സഭയുടെ കല്പനകളെ അനുസരിക്കുന്നവരായി തീരുന്നതിനും നാം അവരെ ഉദ്ബോധിപ്പിക്കുകയുണ്ടായി.

5-11-1950. പരുമല. ഇന്നേദിവസം നാം വി. കുർബ്ബാന അണച്ചു. കുർബ്ബാനമദ്ധ്യേ ഗവണ്മെന്റിന്റെ വിദ്യാഭ്യാസ നയത്തെ സംബന്ധിച്ചും സമുദായത്തിന്റെ പൊതുതാല്പര്യങ്ങളെ മറന്നു പണത്തിനു വേണ്ടി നിലകൊള്ളുന്ന നമ്മുടെ നന്ദികെട്ട അദ്ധ്യാപകന്മാരെ സംബന്ധിച്ചും പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു.

6-11-1950. പരുമല. നിരണം സ്കൂളിലെ അദ്ധ്യാപക കുഴപ്പങ്ങളെ സംബന്ധിച്ച് വികാരി നമ്മുടെ മുമ്പാകെ റിപ്പോർട്ടു ചെയ്തു. സ്ഥിതിഗതികൾ അന്വേഷിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ നാം നിയമിച്ചു.

7-11-1950. ... ഉച്ചയോടു കൂടെ തിരുവല്ലയിൽ എത്തി. എം.ജി.എം. ലെ സ്ഥിതിഗതികൾ അന്വേഷിച്ചതിൽ നമ്മുടെ അച്ചന്മാരുൾപ്പെടെ സകലരും സ്ട്രൈക്ക് ചെയ്തു എന്നറിഞ്ഞു.

8-11-1950. കോട്ടയം. ഇന്നലെ വൈകിട്ട് നാം ഇവിടെയെത്തി. രാവിലെ കാപ്പി മേശയ്ക്കു ശേഷം മാങ്ങാനത്തും മടങ്ങുന്ന വഴി മനോരമ സ്കൂളും സെമിനാരിയും സന്ദർശിച്ചു. എം.ഡി. യിൽ ഹെഡ്മാസ്റ്ററുടെ ഉത്സാഹത്തിൽ സ്കൂൾ നടത്തിവരുന്നതിൽ സന്തോഷം പ്രകടിപ്പിച്ചു.

9-11-1950. കോട്ടയം. വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച് ഗവണ്മെന്റിന്റെ നിലയെ സുധീരം എതിർക്കുന്നതിനു വേണ്ട പരിപാടികൾ ആരാഞ്ഞുകൊണ്ടിരിക്കുന്നു. മാനേജരന്മാരുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന യാതൊരു വ്യവസ്ഥയും കൈകൊള്ളരുതെന്നാണ് പൊതുവെയുള്ള അഭിപ്രായം. കത്തോലിക്കാ സഭക്കാർ എന്തു വന്നാലും പിന്മാറുകയില്ലെന്നു കേൾക്കുന്നു. മാർ ത്തോമ്മാ സഭയും സി.എസ്.ഐ. ക്കാരും ഒരു തീരുമാനത്തിലും എത്തിച്ചേർന്നിട്ടില്ല.

11-11-1950. കോട്ടയം. പള്ളിക്കൂട കാര്യം സംബന്ധിച്ചു ആലോചിക്കുന്നതിനു അദ്ധ്യാപക പണിമുടക്കിൽ നിന്നും അദ്ധ്യാപകരെ പിൻതിരിപ്പിക്കുന്നതിനും മറ്റുമായി നമ്മുടെ കുണ്ടറ ഹെഡ്മാസ്റ്റർ നൈനാനും കോശി കത്തനാരും കൂടെ വന്നിരുന്നു. ഉച്ചയ്ക്കുശേഷം സെന്റ് ആൻസിൽ വച്ചു നടന്ന ക്രിസ്തീയ മാനേജരന്മാരുടെ മീറ്റിംഗിൽ മി. പി. എൻ. നൈനാനെ നാം അയച്ചു. അവിടെ മാനേജരന്മാരുടെ ഒരു അസോസ്യേഷൻ ഉണ്ടാക്കുകയും ഒരു പ്രതിനിധി സംഘം മന്ത്രിമാരെ നേരിട്ടു കണ്ട് മാനേജരന്മാരുടെ അവകാശങ്ങളെ പരിരക്ഷിക്കുന്നതിലേക്കു നിവേദനം നടത്തണമെന്നു തീരുമാനിക്കുകയും ചെയ്തു.

14-11-1950. പരുമല. ... നിരണത്തെ അച്ചന്മാർ അദ്ധ്യാപക പണിമുടക്കിൽ നിന്നും പിന്മാറി സ്കൂളിൽ ഹാജരായെങ്കിലും ക്ലാസുകൾ നടന്നില്ല. സ്കൂൾ അടച്ചിരിക്കുകയാണ്.

15-11-1950. പരുമല. കുണ്ടറ സ്കൂൾ സംബന്ധിച്ച കാര്യങ്ങൾ അറിയിക്കുന്നതിലേക്കായി കറസ്പോണ്ടന്റ് കുറിയാക്കോസ് റമ്പാച്ചൻ ഇവിടെ എത്തി. സ്ഥിതിഗതികൾ ശാന്തമെന്നും ഗവണ്മെന്റുമായി ഒരൊത്തുതീർപ്പിൽ എത്തുന്നതു വരെ പണിമുടക്കണമെന്നില്ലെന്നും അദ്ധ്യാപകർ പഠിപ്പു തുടർന്നു നടത്തുമെന്നു സമ്മതിച്ചതായി നമ്മെ അറിയിച്ചു.

13-11-1950. പരുമല. തൃശ്ശിനാപള്ളി സ്കൂൾ സംബന്ധിച്ച കാര്യങ്ങൾക്കായി പോകുന്ന വഴി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇവിടെ എത്തി. സ്കൂൾ കാര്യങ്ങൾ സംബന്ധിച്ചു നമ്മുടെ ഉറച്ചനില തികച്ചും ശ്ലാഘനീയമാണെന്നും ഈ പരിതസ്ഥിതിയിൽ പിന്മാറേണ്ട അത്യാവശ്യം ഇല്ലെന്നും നമ്മെ അറിയിച്ചു.

14-11-1950. പരുമല. പുതുശ്ശേരി സ്കൂൾ സ്ട്രൈക്കു സംബന്ധിച്ച് അന്വേഷിക്കുന്നതിലേക്കു ശെമ്മാശൻ പോയി മടങ്ങി എത്തി. ഇന്നു മുതൽ അദ്ധ്യയനം നടക്കുമെന്നും തുടർന്ന് ക്ലാസ്സുകൾ നടത്തിക്കൊള്ളാമെന്നും വിവരം തിരുമനസ്സറിയിക്കണമെന്നും വരമ്പത്തു വറുഗീസ് കത്തനാർ ശെമ്മാശനോടു പറഞ്ഞു. ഉച്ചയ്ക്കുശേഷം നാം കുണ്ടറയ്ക്കു പോയി.

18-11-1950. കുണ്ടറ. കുണ്ടറ സെമിനാരിയിലെ അഞ്ച് അദ്ധ്യാപകർ ഒഴികെ ബാക്കി എല്ലാവരും സ്കൂളിൽ ഹാജരായി. ക്ലാസു തുടങ്ങി. എന്നാൽ വിദ്യാർത്ഥി കോൺഗ്രസിന്റെ നിശ്ചയപ്രകാരം ജെ. തോമസ് എന്ന അദ്ധ്യാപകന്റെ നേതൃത്വത്തിൽ കുറേപ്പേർ സ്കൂളിൽ കയറി വിദ്യാർത്ഥികളെ പണിമുടക്കിനു പ്രേരിപ്പിച്ചു ബഹളം ഉണ്ടാക്കി. വിദ്യാർത്ഥികൾ സ്കൂളിൽ നിന്നിറങ്ങി. തുടർന്ന് ട്രഷറിയിൽ പണം അടയ്ക്കുന്നതുവരെ ക്ലാസിൽ കയറുകയില്ലെന്നു തീരുമാനം ചെയ്തു. സ്കൂൾ നടത്താൻ സാധിക്കുമെങ്കിൽ നടത്തണമെന്നും നിവൃത്തിയില്ലെങ്കിൽ അടക്കണമെന്നും നാം ഹെഡ്മാസ്റ്റർക്കു നിർദ്ദേശം കൊടുത്തു. ഉച്ചയ്ക്കുശേഷം നാം തിരുവനന്തപുരത്തിനു പുറപ്പെട്ടു. ...

19-11-1950. തിരുവനന്തപുരം. തിരുവനന്തപുരം പള്ളിയുടെ കനകജൂബിലി മഹാമഹം പ്രമാണിച്ച് ഇവിടെ എത്തി ... ഉച്ചയ്ക്കുശേഷം നാലു മണിക്കു പള്ളി അങ്കണത്തിൽ കൂടിയ വമ്പിച്ച പൊതുയോഗത്തിൽ നാം ആദ്ധ്യക്ഷം വഹിച്ചു. മന്ത്രി ജോൺ ഫീലിപ്പോസും തേവോദോസ്യോസ് മെത്രാച്ചനും മാമ്മൻ മാപ്പിളയും പ്രസംഗിച്ചു. ചടങ്ങുകൾ എല്ലാം വളരെ മംഗളമായിരുന്നു.

20-11-1950. തിരുവനന്തപുരം. വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച് നമ്മുടെ നില മനസ്സിലാക്കുന്നതിന് വിദ്യാഭ്യാസ മന്ത്രി പനമ്പള്ളിയുടെ നിയോഗാനുസരണം മന്ത്രി ജോൺ ഫീലിപ്പോസ് നമ്മെ സന്ദർശിച്ചു സുദീർഘം സംസാരിച്ചു. നിയമന സ്വാതന്ത്ര്യം എങ്കിലും കിട്ടേണ്ടതാണെന്നും കൂടുതൽ വിട്ടുവീഴ്ചയ്ക്കു തൽക്കാലം നാം തയ്യാറില്ലെന്നും പറയുകയുണ്ടായി. തദവസരത്തിൽ നിയമ വിദഗ്ദ്ധൻ ഇ. ജെ. ഫീലിപ്പോസും, ഡെപ്യൂട്ടി സെക്രട്ടറി നൈനാനും ഉണ്ടായിരുന്നു. ഉച്ചയ്ക്കുശേഷം നാം കുണ്ടറയ്ക്കു പുറപ്പെട്ടു.

21-11-1950. കൊട്ടാരക്കര. കുണ്ടറ സ്കൂൾ കാര്യത്തിൽ പുറത്തു നിന്നു തൊഴിലാളികളെ കമ്മ്യൂണിസ്റ്റുകാരും, മാർത്തോമ്മാക്കാരും മറ്റും ഇടപെട്ട് സ്കൂൾ നടത്തിപ്പു വിഷമകരമാക്കുമാറ് ബഹളം കൂട്ടുന്നതായി അറിഞ്ഞു. ഈ പരിതസ്ഥിതിയിൽ സ്കൂൾ അടയ്ക്കുന്നതാണ് നന്നെന്നും, പഠിപ്പിക്കാൻ സന്നദ്ധരാണെന്ന് അദ്ധ്യാപകരും പഠിക്കാൻ സന്നദ്ധരെന്ന് വിദ്യാർത്ഥികളും പറയുന്നതുവരെ സ്ഥിതിഗതികൾ മാറി നിന്നു മനസ്സിലാക്കിക്കൊള്ളാൻ നിർദ്ദേശം കൊടുത്തതിന്റെ ശേഷം നാം കൊട്ടാരക്കര കോട്ടപ്പുറം സെമിനാരിയിലേക്കു പോയി. രാവിലെ അവിടെ എത്തി. ...

അദ്ധ്യാപക പണിമുടക്കിൽ ഉൾപ്പെട്ടു നിന്നു പ്രവർത്തിച്ചു വന്ന പത്തിച്ചിറ അലക്സാണ്ടർ കത്തനാർ ആ സംരംഭങ്ങളിൽ നിന്നും പിന്മാറിയതായും, തിങ്കളാഴ്ച മുതൽ പഠിപ്പിച്ചുകൊള്ളാമെന്നും നമുക്കുറപ്പു തന്നു.

23-11-1950. കോട്ടയം. നമ്മുടെ ഇഷ്ടത്തിനും അഭിപ്രായത്തിനും വിരോധമായി അദ്ധ്യാപക പണിമുടക്കിനു നേതൃത്വം കൊടുത്ത് സമുദായ സ്ഥാപനങ്ങൾ നശിപ്പിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ചു വന്ന ചന്ദനപ്പള്ളിൽ മാവേലിൽ കെ. ദാവീദ് കത്തനാർ നമ്മുടെ മുമ്പാകെ ഹാജരായി ക്ഷമാപണം ചെയ്തു. അയാളുടെ നടപടിയെ സംബന്ധിച്ച് അയാൾക്ക് യഥാർത്ഥ പശ്ചാത്താപം ഉണ്ട് എങ്കിൽ നന്നായിരുന്നു.

26-11-1950. കോട്ടയം. ... കുർബ്ബാനയ്ക്കു ശേഷം എം.ജി.എം. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഇവിടെ എത്തി. അദ്ധ്യാപകസമരം മൂലം അദ്ധ്യയനം നടക്കുന്നില്ലെന്നും നാം അവിടെ എത്തിയാൽ സംഗതികൾ അവസാനിക്കുമെന്നും പറഞ്ഞു. നമ്മെ നിർബ്ബന്ധിക്കയാൽ നാം അദ്ധ്യാപകരെ കാണുന്നതിനായി തിരുവല്ലയ്ക്കു പോകാമെന്നു സമ്മതിച്ചു.

27-11-1950. കോട്ടയം. രാവിലെ എം.ജി.എം. സ്കൂൾ സംബന്ധിച്ച കാര്യങ്ങൾക്കു തിരുവല്ലായ്ക്കു പോയി. തിരുവല്ല ബഥനി അരമനയിൽ മാർ തേവോദോസ്യോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. അദ്ധ്യാപകരെ വരുത്തി നാം അവരെ ഗുണദോഷിച്ചു. അദ്ധ്യയനം മുടക്കി വിദ്യാർത്ഥികളെയും സ്ഥാപനത്തെയും അപകടത്തിലാക്കരുതെന്ന് നാം അവരെ ഉദ്ബോധിപ്പിക്കുക ഉണ്ടായി. ഉച്ചയോടുകൂടെ നാം മടങ്ങിയെത്തി.

28-11-1950. കോട്ടയം. ഇന്ന് വൈകിട്ടു കൂടിയ എ.റ്റി.എസ്.എ. സംഘടന അദ്ധ്യാപക പണിമുടക്കു പിൻവലിച്ചു. വ്യാഴാഴ്ച 30-നു മുതൽ അദ്ധ്യയനം തുടർന്നു നടത്തേണ്ടതാണെന്ന് തീരുമാനിച്ചു. തിരുവനന്തപുരത്തു നിന്നും പ്രധാനമന്ത്രിയുടെ നിർദ്ദേശാനുസരണം വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ചു സംസാരിക്കാനായി ഇ. ജെ. ഫീലിപ്പോച്ചൻ ഇവിടെ എത്തി. യാതൊരു പരിതസ്ഥിതിയിലും പണിമുടക്കുവാൻ ഗവണ്മെന്റ് നിർബ്ബന്ധിക്കുന്നത് മൗലികാവകാശ ധ്വംസനമാണെന്നും നാം ഒരിക്കലും അതിനു വഴിപ്പെടുകയില്ലെന്നും വ്യക്തമാക്കി. അന്തരീക്ഷം ശാന്തമാകുന്നതിനു നിയമന സ്വാതന്ത്ര്യം അനുവദിച്ചാൽ നാം വിട്ടുവീഴ്ചയോടെ പദ്ധതിക്കനുകൂലിക്കരുതോ എന്നു ഫീലിപ്പോച്ചൻ അഭിപ്രായപ്പെട്ടു. സുദീർഘമായ കൂടിയാലോചനകൾക്കു ശേഷം ഇന്നത്തെ ആലോചനകൾ അവസാനിച്ചു.

29-11-1950. കോട്ടയം. അദ്ധ്യാപകർ പണിമുടക്കു പിൻവലിച്ചതുകൊണ്ടു ഇനിയും അദ്ധ്യാപകരെ തൃപ്തിപ്പെടുത്താനുള്ള മാർഗ്ഗം ആരാഞ്ഞു ഗവണ്മെന്റ് പദ്ധതിയോടു വിയോജിച്ചു നിക്കാൻ സാധിക്കുമോ എന്നുള്ള വിഷയം ചർച്ചാവിഷയമായി. നമ്മുടെ മാനേജുമെന്റിലുള്ള സകല സ്കൂളുകളിലെയും ഫീസ് പിരിവ് കേന്ദ്രീകരിച്ചു ഒരു നല്ല ശമ്പളരീതി നടപ്പാക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കുകയും അതു സംബന്ധിച്ചു സ്ഥിതിവിവര കണക്കുകൾ ഉടനെ തന്നെ തയ്യാറാക്കാൻ നാം നിർദ്ദേശം നൽകുകയും ചെയ്തു.

എം.ഡി. സ്കൂളിലെ ഏതാനും ചില അദ്ധ്യാപകർ നമ്മുടെ മുമ്പാകെ എത്തി അവരുടെ നടപടിയിൽ ഖേദം പ്രകടിപ്പിക്കുകയും ക്ഷമാപണം നടത്തുകയും ചെയ്തു. അവരെ സ്കൂളിൽ പ്രവേശിപ്പിച്ചുകൊള്ളാൻ അനുവദിച്ചു നാം ഹെഡ്മാസ്റ്റർക്കു കല്പന കൊടുത്തു.

7-12-1950. മാക്കാംകുന്ന്. കൊച്ചുമെത്രാച്ചന്റെ അവധിയെ സംബന്ധിച്ചും ഇടവകയുടെ ഭരണത്തെ സംബന്ധിച്ചും ആലോചിക്കുന്നതിനായി നമ്മുടെ ക്ഷണം അനുസരിച്ച് തുമ്പമൺ ഭദ്രാസനത്തിലെ പട്ടക്കാരുടെ യോഗം ഇന്നു കൂടി. തുമ്പമൺ ഭദ്രാസനത്തിന്റെ ഭരണം നാം തന്നെ നടത്തണമെന്നു തീരുമാനിച്ചു.

ചന്ദനപ്പള്ളി ഇടവകയിൽപെട്ട മാവേലിൽ ദാവീദു കത്തനാർ അദ്ധ്യാപക പണിമുടക്കിൽ ഉൾപ്പെട്ടു പ്രവർത്തിച്ചതിൽ പ്രതിഷേധം രേഖപ്പെടുത്തുകയും എ.റ്റി.എസ്.എ. യിലെ അയാളുടെ അംഗത്വം നിരുപാധികം പിൻവലിച്ച് പരസ്യമായി ക്ഷമാപണം ചെയ്യാതെ തുമ്പമൺ ഭദ്രാസനത്തിലെ ഒരു വൈദികനും അയാളുമായി സഹകരിക്കുകയില്ലെന്നും, സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ നിന്നും ഉടൻ വിരമിപ്പിക്കണമെന്നും പകരം ഓതറ മാത്യൂസ് കത്തനാരെ (പിന്നീട് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ കാതോലിക്കാ. - എഡിറ്റർ) നിയമിക്കണമെന്നും യോഗം പാസ്സാക്കി. തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ പട്ടക്കാരും ഹാജരുണ്ടായിരുന്നു.

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

Life & Vision of Mar Gregorios; and its present-day relevance

Fr. Jacob Thomas

(Continued from the previous issue)

5. Views on the Education System

The main question which Mar Gregorios tried to answer was "What is the problem with our Education System?", and he tried to answer it in the light of the independent India. He presents three views on the education system – Gandhi's, Nehru's and Tagore's, and he was able to clearly bring out the distinction in all of them. India chose to stick on to the view of Nehru policy, which he says that was a wrong choice, rather should have opted for the Tagorian policy.

Checking on the problem

A society's way of life comprises shared values, language, clothing, eating habits, politics, economy, healthcare, and transportation, among other things. Children and adults are always present in a culture. Citizens are adults who manage a society, while children are those who are educated to become citizens. The process by which youngsters learn to become citizens in a society is known as education.


Mar Gregorios on inaugurating the International Ecumenical Assembly of Christian Universities in 1995 argued that the current problem of the education system is not something that can be corrected by making some modifications in the policies of the education system, but a correction in the view of life should be brought in for the whole society. Any defect in the education system should be understood as an illness of the society, which should be treated with proper medications and treatment. Therefore, the solution for this illness is not treat the education system, rather should treat the entire society. He said:

"I have come to realize that educational reform is rather futile, unless it is an integral aspect of social reform. The idea that educational reform can precede social reform and can even engineer social change has proved to be largely a false assumption. I myself have learned to focus on social reform as the larger matrix in which educational reform has to seek its place."[1]

Influence of Liberal Humanism and Marxist Socialism

Apart from the many colonial thrusts from the West (Portuguese, Dutch, French, and British), two major currents have swept throughout the globe in this century: Western liberal humanism and Western Marxist socialism. The former has undoubtedly affected our institutional education; the latter has had an impact on both the educated elite and a large number of workers and peasants, particularly in Bengal, Andhra Pradesh, and Kerala.

India, on the other hand, has not simply adopted these concepts in their entirety. Most of our educated individuals are no longer liberal humanists or Marxist socialists as a result of the impact. This is due in great part to our particularly Indian approach toward concepts. Indians have a remarkable



ability to absorb foreign ideas, but not necessarily to a suitably deep or nuanced level; they can also communicate these concepts with eloquence of language, though not always with grace of style. Ideas are in high demand in Western urban-technological civilizations, where they are enthusiastically sought, richly compensated for, and swiftly implemented. In Indian society, on the other hand, ideas are mostly used to deliver speeches or write articles, although they are not always paid for or implemented. Ours is a talkative society rather than a dynamic one.

The vastness of the challenges, along with the awareness of long past, leads to adopt a laid-back approach to the task at hand. Indians are skilled at focusing on the reasons why something will not work, rather than the necessity to create new solutions to deal with the challenges, unlike the Westerner. We're exhausted, weak, and frustrated, and all we want to do is make up self-deceiving excuses for not making the effort, or for not

persevering after the initial setback. Because the problems are so large, we appear to place more faith in cosmic forces than in our own ability to solve them. This appears to be true of both Indian liberal humanism and Indian Marxist socialism.

Recognizing the Western liberal educational style's direct involvement in launching and promoting India's struggle for development and justice is the highest respect that can be made to it. In the nineteenth century, Western education reached the summit of Indian society's pyramid. However, it prompted an Indian elite to seek social transformation almost immediately. Dayananda Saraswati, Raja Ram Mohan Roy, and Debendranath Tagore were all social reformers. Their desire to reform was expressed in Western-style societies and movements like as the Arya Samaj, Brahma Samaj, Servants of India Society, Indian National Congress, and so on. Tilak and Gokhale, Vivekanand and Gandhi were more than just orators; they were organisers of social reform movements never seen in India prior to the Western influence.

This early social reform movement in India had two key characteristics: it was religiously driven, and it was largely universal in scope, despite being directed by an elite. It was an attempt to combine western ideals into an Indian religious framework while also universalizing Indian religion in this way. Ram Mohan Roy advocated for "upanishadic universalism" not just for Indians, but for all humanity, as seen by his impressive and effective engagement in the British anti-slavery fight. A Western "secular" base could not be accepted by the early elite social reform movement. Only with Jawaharlal Nehru did secular, socialist ideals emerge in Indian elitist thought that were independent to the Hindu religious framework. Nehru found inspiration in the European battle for freedom from clerical control of ideas and feudalist, capitalist enslavement of the masses, rather than in India's religious and cultural legacy. The merger of the liberal-humanist and Marxist-socialist strands of thinking in an un-Indian secular framework is abundantly visible in Nehru.

Visions of Gandhi, Nehru & Tagore

Jawaharlal Nehru wished for merging of the Western Liberal humanist and Marxist socialist ideologies in the thinking of Nehru which led to two different streams of thought, in the quest for a reawakening of India. They can be considered as the 'Gandhi's view' and 'Nehru's view'. They shared many points in common, and it became helpful in growing under the umbrella of the Indian National Congress. On both sides, there were radicals. After a split, the secular-Marxist radicals formed the Communist Party of India. Some religious fanatics split out to form conservative religious organisations such as the Rashtriya Svayam Sevak Samiti. However, the Indian National Congress retained the support of the large majority of voters. Within the Congress, however, Gandhi's vision and Nehru's vision coexisted uncomfortably, with the latter dominating.

The Gandhian vision, which was based on upanishadic universalism, comprised of a Ramarajya with limited desires in terms of consumer goods. It was anti-capitalist, anti-industrialist, and anti-urbun. Capitalists like Birla and Tata were seen as allies who would keep monies in trust for the people and donate them to humanitarian causes. Simple living, an agrarian-rural setting with few factories and towns, spiritual supremacy, elevation of the poor on an omni-religious, theistic basis, and work-based basic education were some of the Gandhian platform's tenets. The Gandhian vision, which followed in the footsteps of Ruskin and Tolstoy, Rousseau and Thoreau in the West, has a lot in common with the counter-culture phenomenon that is currently gaining traction in America and other Western countries.

In contrast, Nehru's vision of a socialist society, based on the industrial



West's secular humanism, was openly devoted to the urban industrial culture based on Western science and technology. The India of the five-year plans had as its goal raising the GNP, catching up with the West, ever expanding production and consumption, increasing educational and health services, and better distributive justice through graded taxation, despite being ideologically anti-capitalist and unable to break free from its dependence on capitalist wealth and power. This Nehru vision has governed India, with the economic component taking precedence. Her educational system has also been idea-based rather than work-based (the 'banking' notion of education). While encouraging art and music, dance and drama, literature and sports, the Nehru vision showed little interest in India's spiritual tradition or a coherent picture of man and his life's meaning. Our inspiration and ideas came from the West, whether socialist or capitalist, in agriculture, manufacturing, education, and research.

Our educational system's fundamental flaw is inextricably related to the flaw in the national planning system. Classroom education cannot be successfully improved without a parallel effort affecting the general public across the country. Any significant effective institutional reform in education requires a matrix of mass social education. Our educational system's secondary flaw is its disconnection from people's essential main economic ties, such as production and distribution. Despite all assertions about a work-based education, the 'banking notion' of education remains unchanged.

Rabindranath Tagore attempted to present a third method, but India paid little heed to it. He was eager to embrace Western concepts, but he desired a major reorientation of our educational system, and he disagreed with Nehru's scientific-technological approach in this regard. His central argument is a distinction he draws "between the scientific attitude toward life, which he characterises as an attitude of objectifying everything and bringing it under control, and the unitive approach, which seeks a vital, non-objectifying relationship with reality."

Tagore believes that joy is more important than power. And it is unity that brings joy, not knowledge or control. Tagore criticises the Christian West of misunderstanding Christ's message of fundamental unity.

The Chinese Model of Education

Mar Gregorios presents the Chinese educational reform as a challenge to India. The Chinese educational system, under the able leadership of Mao Tse Tung, who was instrumental in introducing drastic changes based on a clear viewpoint.[2]

China began her experiments in the 1958 keeping with the Marxian ideas of a part-time work and part-study education, not based in the schools, but in the factories themselves. But it proved to be a failure in 1962. In 1964, the scheme was reactivated with renewed vigour in relation to the happenings around, especially in the communes. 1966 saw the rise of the

Great Proletarian Cultural Revolution. The masses, led by the army and the young people took care of their own education. All students, beginning with senior middle school, were now required to spend a year or two among the workers, peasants and soldiers, in the factories and communes. There they were to be educated in the three primary principles of Chinese education: the class struggle, the struggle for production, and the promotion of scientific research and incentiveness. Entrance exams were not at all based on any academic merit.

ആളുകൾ പലപ്പോഴും വ്യക്തിപരമായ നേട്ടം തേടുന്ന ഒരു ലോകത്ത്, യഥാർത്ഥ ആതിഥ്യം നിസ്വാർത്ഥവും ഉദാരവുമാണ്. അത് ഹൃദയത്തിൽ നിന്ന് നൽകപ്പെടുന്നതാണെന്ന് ശൂനേംകാരി സ്ത്രീ നമ്മെ ഓർമ്മിപ്പിക്കുന്നു.

2. സംതൃപ്തയായവൾ

എലീശാ അവളുടെ ദയയ്ക്ക് നന്ദി പറയാൻ ആഗ്രഹിച്ചപ്പോൾ, അവൻ രാജാവിനോടോ സൈന്യാധിപനോടോ അവൾക്കുവേണ്ടി സംസാരിക്കാമെന്ന് വാഗ്ദാനം ചെയ്തു. എന്നാൽ അവൾ, 'ഞാൻ സ്വജനത്തിന്റെ മധ്യേ വസിക്കുന്നു' എന്നു പറഞ്ഞു(2 രാജാക്കന്മാർ 4:13). ഈ ചെറിയ പ്രസ്താവന അവളുടെ സ്വഭാവത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ വെളിപ്പെടുത്തുന്നു. അവൾ തനിക്കുള്ളതിൽ സംതൃപ്തയായിരുന്നു. അവൾ പ്രത്യേക അനുഗ്രഹങ്ങളോ അധികാരമോ അംഗീകാരമോ തേടിയില്ല. അവൾ തന്റെ ജീവിതത്തിൽ സംതൃപ്തയായിരുന്നു, തനിക്ക് ആവശ്യമുള്ളത് നൽകുമെന്ന് ദൈവത്തിൽ വിശ്വസിച്ചു.

യഥാർത്ഥ സന്തോഷം പദവിയിൽ നിന്നോ സമ്പത്തിൽ നിന്നോ അല്ല, മറിച്ച് ദൈവവുമായി സമാധാനമുള്ള ഒരു ഹൃദയത്തിൽ നിന്നാണ് വരുന്നത് എന്ന വിലപ്പെട്ട പാഠമാണ് അവളുടെ സംതൃപ്തി നമ്മെ പഠിപ്പിക്കുന്നത്. പ്രതിഫലമോ ശ്രദ്ധയോ പ്രതീക്ഷിക്കാതെ അവൾ നിശബ്ദമായി സൽപ്രവൃത്തികൾ ചെയ്തു.

3. വിശ്വാസവും പ്രത്യാശയുമുള്ളവൾ

ശൂനേംകാരത്തി സ്ത്രീ ധനികയായിരുന്നിട്ടും, അവൾ ഏറെ മനോവ്യസനം അനുഭവിച്ചിരുന്നു. അവൾക്ക് കുട്ടികളില്ലായിരുന്നു, അവളുടെ ഭർത്താവ് വൃദ്ധനായിരുന്നു. ദൈവത്തിന്റെ ശക്തിയാൽ അവൾ ഒരു മകനെ പ്രസവിക്കുമെന്ന് ഏലീശാ വാഗ്ദാനം ചെയ്തു. സ്ത്രീക്ക് അത് വിശ്വസിക്കാൻ പ്രയാസമായിരുന്നു, പക്ഷേ പ്രവചനം സത്യമായി. വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം, അവൾ ഒടുവിൽ മാതൃത്വത്തിന്റെ സന്തോഷം അനുഭവിച്ചു.

പിന്നീട്, അവളുടെ കുട്ടി പെട്ടെന്ന് വയലിൽ മരിച്ചപ്പോൾ ദുരന്തം സംഭവിച്ചു (2 രാജാക്കന്മാർ 4:18-20). ആ ഹൃദയഭേദകമായ നിമിഷത്തിൽ, അവളുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടു. എന്നിരുന്നാലും, പ്രതീക്ഷ നഷ്ടപ്പെടുകയോ ദൈവത്തെ കുറ്റപ്പെടുത്തുകയോ ചെയ്യുന്നതിനുപകരം, അവൾ ഉടൻ തന്നെ തന്റെ കുട്ടിയെ പ്രവാചകന്റെ കിടക്കയിൽ കിടത്തി, വാതിൽ അടച്ച് എലീശയെ കണ്ടെത്താൻ പോയി. ഭർത്താവിനോടുള്ള അവളുടെ വാക്കുകൾ ലളിതവും എന്നാൽ ശക്തവുമായിരുന്നു: 'എല്ലാം നന്നായിരിക്കട്ടെ' (വാക്യം 23).

ഈ വാക്കുകൾ ശ്രദ്ധേയമായ വിശ്വാസത്തെ കാണിക്കുന്നു. അസാധ്യമെന്നു തോന്നിയപ്പോഴും, ദൈവത്തിന് മരണത്തിൽ നിന്ന് ജീവൻ കൊണ്ടുവരാൻ കഴിയുമെന്ന് അവൾ വിശ്വസിച്ചു. അവളുടെ ശാന്തമായ ദൃഢനിശ്ചയവും ദൈവത്തിന്റെ ശക്തിയിലുള്ള വിശ്വാസവും പ്രതിസന്ധി ഘട്ടങ്ങളിൽ ശക്തമായ വിശ്വാസത്തിന്റെ പ്രചോദനാത്മകമായ ഒരു മാതൃകയാക്കി അവളെ മാറ്റി.

4. ദൃഢനിശ്ചയമുള്ളവൾ

എലീശായെ കണ്ടെത്താനുള്ള ശൂനേംകാരത്തിയുടെ യാത്ര എളുപ്പമുള്ളതായിരുന്നില്ല. അവൾ ശൂനേമിൽ നിന്ന് കർമ്മേൽ പർവതത്തിലേക്ക് യാത്ര ചെയ്തു, അത് ദീർഘവും ക്ഷീണിപ്പിക്കുന്നതുമായ യാത്രയായിരുന്നു. അവൾ എലീശായുടെ അടുത്ത് എത്തിയപ്പോൾ, അവൾ അവന്റെ കാൽക്കൽ വീണ്, തന്റെ അഗാധമായ ദുഃഖം പ്രകടിപ്പിച്ചു. ദൈവപുരുഷനെ സമീപിക്കുന്നതുവരെ അവൾ വിശ്രമിച്ചില്ലെന്നത് അവളുടെ ദൃഢനിശ്ചയത്തെ കാണിക്കുന്നു. അവൾ തളർന്നുപോയില്ല. അല്ലെങ്കിൽ അവളുടെ വികാരങ്ങൾ വിശ്വാസത്തെ പരാജയപ്പെടുത്താൻ അവൾ അനുവദിച്ചില്ല. വിശ്വാസത്തിന് പലപ്പോഴും പ്രവൃത്തി ആവശ്യമാണെന്ന് അവളുടെ സ്ഥിരോത്സാഹം നമ്മെ ഓർമ്മിപ്പിക്കുന്നു.

അവളുടെ ദൃഢനിശ്ചയത്തിലൂടെ, ദൈവം അവൾക്ക് പ്രതിഫലം നൽകി. എലീശാ അവളുടെ വീട്ടിലെത്തി, പ്രാർത്ഥിക്കുകയും അത്ഭുതകരമായി അവളുടെ മകന്റെ ജീവൻ പുനഃസ്ഥാപിക്കുകയും ചെയ്തു.

വിശ്വാസവും പ്രവൃത്തിയും സ്ഥിരോത്സാഹവും കൂടിച്ചേരുമ്പോൾ അത്ഭുതങ്ങൾക്ക് കാരണമാകുമെന്നാണ് ഈ ഭാഗം വെളിപ്പെടുത്തുന്നത്.

5. നന്ദിയും അനുസരണവും ഉള്ളവൾ

2 രാജാക്കന്മാർ 8:16-ൽ, വരാനിരിക്കുന്ന ഏഴ് വർഷത്തെ ക്ഷാമത്തെക്കുറിച്ച് എലീശാ ശൂനേംകാരത്തി സ്ത്രീക്ക് മുന്നറിയിപ്പ് നൽകുകയും അവളുടെ വീട്ടുകാരോടൊപ്പം ദേശം വിട്ടുപോകാൻ പറയുകയും ചെയ്തു. അവൾ ഒരു മടിയും കൂടാതെ അത് അനുസരിച്ച് ഫെലിസ്ത്യരുടെ ദേശത്ത് താമസിക്കാൻ പോയി. ക്ഷാമത്തിനുശേഷം, അവൾ തിരിച്ചെത്തിയപ്പോൾ തന്റെ ഭൂമി പിടിച്ചെടുത്തതായി കണ്ടെത്തി. പ്രതീക്ഷ നഷ്ടപ്പെടുന്നതിനുപകരം, നീതിക്കുവേണ്ടി അപേക്ഷിക്കാൻ അവൾ നേരിട്ട് രാജാവിന്റെ അടുക്കൽ പോയി.

ആ നിമിഷം തന്നെ, എലീശയുടെ ദാസനായ ഗേഹസി, തന്റെ മകൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റത് ഉൾപ്പെടെയുള്ള എലീശയുടെ അത്ഭുതങ്ങളെക്കുറിച്ച് രാജാവിനോട് പറയുകയായിരുന്നു. ദൈവം അവൾക്കുവേണ്ടി തിരശ്ശീലയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഇത് കാണിച്ചു തരുന്നു. രാജാവ് ഉടൻ തന്നെ അവളുടെ ഭൂമിയും അവളുടെ എല്ലാ വിളവുകളും തിരിച്ചു നൽകാൻ ഉത്തരവിട്ടു.

ഈ സംഭവം അവളുടെ നന്ദിയുള്ള അനുസരണത്തെയും ദൈവത്തിന്റെ സമയത്തിലുള്ള വിശ്വാസത്തെയും കാണിക്കുന്നു. അവൾ ദൈവത്തിന്റെ നിർദ്ദേശം പാലിക്കുകയും വിശ്വസ്തയായി തുടരുകയും ചെയ്തതിനാൽ, അവൾക്ക് സംരക്ഷണവും പ്രതിഫലവും ലഭിച്ചു.

6. ജ്ഞാനവും ധൈര്യവും ഉള്ളവൾ

അവളുടെ ജീവിതത്തിലുടനീളം, ശൂനേംകാരത്തി ജ്ഞാനവും ധൈര്യവും കാണിക്കുന്നു. എപ്പോൾ പ്രവർത്തിക്കണം, എപ്പോൾ സംസാരിക്കണം, എപ്പോൾ ശാന്തത പാലിക്കണം എന്ന് അവൾക്കറിയാമായിരുന്നു. തന്റെ മകൻ മരിച്ചപ്പോൾ, അവൾ എല്ലാവരോടും പറഞ്ഞില്ല, പരിഭ്രാന്തയായില്ല; സഹായിക്കാൻ കഴിയുന്നവന്റെ അടുത്തേക്ക് അവൾ നേരിട്ട് പോയി.

ക്ഷാമം വന്നപ്പോൾ, അവൾ പ്രവാചകന്റെ ഉപദേശം അനുസരിച്ചു, കുടുംബത്തെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. സ്വത്തുക്കൾ നഷ്ടപ്പെട്ടപ്പോൾ, അവൾ രാജാവിനെ ആദരപൂർവ്വം സമീപിക്കുകയും തന്റെ ലക്ഷ്യം സംരക്ഷിക്കാൻ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്തു.

ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നും ആശ്രയത്തിൽ നിന്നുമാണ് ജ്ഞാനം വരുന്നതെന്ന് അവളുടെ പ്രവൃത്തികൾ വെളിപ്പെടുത്തുന്നു. അവൾ എല്ലാ വെല്ലുവിളികളെയും ധൈര്യത്തോടെയും അന്തസ്സോടെയും കൃപയോടെയും നേരിട്ടു.

7. ശൂനേംകാരി സ്ത്രീയുടെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ

നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ദൈവത്തിൽ എങ്ങനെ വിശ്വസിക്കുകയും സേവിക്കുകയും ചെയ്യണമെന്ന് അവളുടെ പ്രവൃത്തികൾ നമ്മെ പഠിപ്പിക്കുന്നു.

ആതിഥ്യം ഒരു ആരാധനാരീതിയാണ്. ശൂനേംകാരിയായ സ്ത്രീ പ്രവാചകനായ എലീശായെ തന്റെ വീട്ടിലേക്ക് സ്വാഗതം ചെയ്യുകയും അദ്ദേഹം ശൂനേം സന്ദർശിക്കുമ്പോഴെല്ലാം അദ്ദേഹത്തിന് ഭക്ഷണവും വിശ്രമവും നൽകുകയും ചെയ്തു. പിന്നീട്, സൗകര്യമായി താമസിക്കാൻ അവൾ അദ്ദേഹത്തിന് ഒരു പ്രത്യേക മുറി പോലും നിർമ്മിച്ചു. പ്രശംസ ലഭിക്കാനല്ല, മറിച്ച് എലീശായെ ഒരു വിശുദ്ധ ദൈവപുരുഷനായി അവൾ തിരിച്ചറിഞ്ഞതിനാലും അദ്ദേഹത്തെ ബഹുമാനിക്കാൻ ആഗ്രഹിച്ചതിനാലുമാണ് അവൾ ഇത് ചെയ്തത്. ദയ കാണിക്കുന്നതിനേക്കാൾ വലുതാണ് ആതിഥ്യം. അത് ആരാധനയുടെ ഒരു പ്രവൃത്തിയാണ്. മറ്റുള്ളവർക്കായി, പ്രത്യേകിച്ച് ദൈവത്തെ സേവിക്കുന്നവർക്കായി, നമ്മുടെ ഹൃദയങ്ങളും വീടുകളും തുറക്കുമ്പോൾ, നമ്മൾ കർത്താവിനെ തന്നെയാണ് സേവിക്കുന്നത്.

യഥാർത്ഥ ആതിഥ്യം എന്നത് സ്നേഹം, ഔദാര്യം, ദൈവത്തിന്റെ പ്രവൃത്തിയോടുള്ള ആദരവ് എന്നിവയിൽ നിന്നാണ് വരുന്നത്. മറ്റുള്ളവരെ സഹായിക്കാനും അവരെ സ്വാഗതം ചെയ്യാനും നമ്മുടെ വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ അത് ദൈവത്തെ പ്രസാദിപ്പിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ സ്നേഹം കാണിക്കുന്ന ഒരു മാർഗമാണ് മറ്റുള്ളവരോടുള്ള നമ്മുടെ ദയ.

എലീശാ രാജാവിനോടോ സൈന്യാധിപനോടോ സംസാരിച്ചുകൊണ്ട് തനിക്കു ലഭിച്ച ദയയ്ക്ക് പ്രത്യുപകാരം ചെയ്യാൻ ആഗ്രഹിച്ചപ്പോൾ, ശൂനേമ്യ സ്ത്രീ താഴ്മയോടെ വിസമ്മതിച്ചു. അവൾ പറഞ്ഞു, 'ഞാൻ എന്റെ സ്വജനത്തിന്റെ മധ്യേ വസിക്കുന്നു' (2 രാജാക്കന്മാർ 4:13). ഇത് കാണിക്കുന്നത് അവൾ സംതൃപ്തയായിരുന്നുവെന്നും പ്രശസ്തി, പ്രീതി അല്ലെങ്കിൽ ഭൗതിക പ്രതിഫലം ആഗ്രഹിച്ചില്ല എന്നുമാണ്.

അനേകർ എപ്പോഴും കൂടുതൽ പണം, ആശ്വാസം അല്ലെങ്കിൽ അംഗീകാരം ആഗ്രഹിക്കുന്നു. എന്നാൽ യഥാർത്ഥ സമാധാനം സംതൃപ്തിയിൽ നിന്നാണ് വരുന്നതെന്ന് ശൂനേമ്യ സ്ത്രീ നമ്മെ പഠിപ്പിക്കുന്നു. നമുക്കുള്ളതിന് നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം. ദൈവം തന്റെ ആവശ്യങ്ങൾ നിറവേറ്റുമെന്ന് വിശ്വസിച്ചുകൊണ്ട് അവൾ നിശബ്ദമായും സന്തോഷത്തോടെയും ജീവിച്ചു. നന്ദിയുള്ളതും സംതൃപ്തവുമായ ഒരു ഹൃദയം ലോക പ്രതിഫലങ്ങൾ ഇല്ലാതെ പോലും സമാധാനവും സന്തോഷവും നൽകുന്നതാണ്.

തന്റെ ഏക മകൻ പെട്ടെന്ന് മരിച്ചപ്പോൾ, ഏതൊരു അമ്മയും അനുഭവിക്കാവുന്ന ഏറ്റവും വലിയ ദുഃഖം ശൂനേമ്യ സ്ത്രീ നേരിട്ടു. എന്നിട്ടും അവൾക്ക് വിശ്വാസം നഷ്ടപ്പെട്ടില്ല. അവൾ തന്റെ കുട്ടിയെ എലീശായുടെ കിടക്കയിൽ കിടത്തി, വാതിൽ അടച്ച്, പ്രവാചകനെ കണ്ടെത്താൻ ഉടൻ പുറപ്പെട്ടു. ഇത് അവളുടെ ആഴമേറിയതും അചഞ്ചലവുമായ വിശ്വാസത്തെ വെളിപ്പെടുത്തുന്നു.

എല്ലാം നിരാശാജനകമായി തോന്നിയപ്പോൾ, ദൈവത്തിന്റെ ശക്തിയിലുള്ള അവളുടെ വിശ്വാസം ശാന്തമായി പ്രത്യാശയോടെ ഇരിക്കാൻ അവളെ സഹായിച്ചു. അവളുടെ വിശ്വാസത്തിലൂടെ, ദൈവം ഒരു അത്ഭുതം പ്രവർത്തിച്ചു. എലീശാ പ്രാർത്ഥിച്ച്, അവളുടെ മകനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു.

വേദനയുടെയും നഷ്ടത്തിന്റെയും നിമിഷങ്ങളിൽ പോലും, നമ്മൾ ദൈവത്തിൽ ആശ്രയിക്കുന്നത് തുടരണം. മറ്റെല്ലാം പരാജയപ്പെടുമ്പോഴും

വിശ്വാസം നമുക്ക് ശക്തി നൽകുന്നു. വിശ്വാസത്തിന് ദുരന്തത്തെ മറികടക്കാൻ കഴിയും.

ശൂനേംകാരി സ്ത്രീ പ്രാർത്ഥിക്കുകയും സഹായത്തിനായി കാത്തിരിക്കുകയും മാത്രമല്ല, അവൾ പ്രവർത്തിക്കുകയും ചെയ്തു. അവൾ കഴുതയ്ക്ക് കോപ്പ് ഇട്ടു, കർമ്മേൽ പർവതത്തിൽ പോയി, എലീശായോട് വരാൻ അപേക്ഷിച്ചു. ദൈവത്തിന് എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് അവൾ യഥാർത്ഥത്തിൽ വിശ്വസിച്ചുവെന്ന് അവളുടെ ദൃഢനിശ്ചയവും പ്രവൃത്തിയും കാണിച്ചു. വിശ്വാസം എന്നത് നമ്മുടെ ഹൃദയം കൊണ്ട് വിശ്വസിക്കുന്നത് മാത്രമല്ല; അനുസരണത്തിന്റെയും ധൈര്യത്തിന്റെയും ചുവടുകൾ എടുക്കുന്നതും വിശ്വാസത്തിൽ ഉൾപ്പെടുന്നു. നിരാശയിൽ ഉപേക്ഷിക്കുന്നതിനുപകരം വിശ്വാസത്തിൽ പ്രവർത്തിക്കുന്നവരെ ദൈവം ബഹുമാനിക്കുന്നു. വിശ്വാസം നമ്മെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. അവന്റെ ശക്തിയിൽ ആശ്രയിച്ച് മുന്നോട്ട് ചുവടുകൾ വയ്ക്കുന്നവരെ ദൈവം അനുഗ്രഹിക്കുന്നു. പ്രവൃത്തി വിശ്വാസത്തിന്റെ ഭാഗമാണ്

2 രാജാക്കന്മാർ 8:1–2–ൽ, വരാനിരിക്കുന്ന ഏഴ് വർഷത്തെ ക്ഷാമത്തെക്കുറിച്ച് എലീശാ ശൂനേമ്യ സ്ത്രീക്ക് മുന്നറിയിപ്പ് നൽകുകയും ദേശം വിട്ടുപോകാൻ അവളോട് പറയുകയും ചെയ്തു. സംശയമില്ലാതെ, അവൾ പ്രവാചകന്റെ നിർദ്ദേശം അനുസരിച്ച്, ഒരു അന്യദേശത്ത് താമസിക്കാൻ പോയി. അവളുടെ അനുസരണം അവളെയും അവളുടെ കുടുംബത്തെയും ക്ഷാമത്തിൽ നിന്നും നഷ്ടത്തിൽ നിന്നും രക്ഷിച്ചു. ക്ഷാമം അവസാനിച്ച് അവൾ തിരിച്ചെത്തിയപ്പോൾ, ദൈവം അവളുടെ സ്വത്ത് പുനഃസ്ഥാപിച്ചു എന്ന് ഉറപ്പാക്കി. ത്യാഗം ആവശ്യമായി വരുമ്പോൾ പോലും, ദൈവവചനത്തോടുള്ള നമ്മുടെ അനുസരണം, എല്ലായ്പ്പോഴും അനുഗ്രഹങ്ങൾ വർഷിക്കുന്നുവെന്ന് ഇത് കാണിക്കുന്നു. നാം ദൈവത്തെ ശ്രദ്ധിക്കുകയും അവന്റെ നിർദ്ദേശം പിന്തുടരുകയും ചെയ്യുമ്പോൾ, അവൻ നമ്മെ സംരക്ഷിക്കുകയും പ്രയാസകരമായ സമയങ്ങളിൽ പോലും നമുക്ക് വേണ്ടി കരുതുകയും ചെയ്യുന്നു.

ശൂനേമ്യ സ്ത്രീ തന്റെ ഭൂമി ചോദിക്കാൻ രാജാവിന്റെ മുമ്പാകെ വന്നപ്പോൾ, ദൈവം അവൾക്കായി എല്ലാം കൃത്യമായി ക്രമീകരിച്ചു. എലീശയുടെ ദാസനായ ഗേഹസി ആ നിമിഷം തന്നെ തന്റെ മകന്റെ പുനരുത്ഥാനത്തിന്റെ അത്ഭുതത്തെക്കുറിച്ച് രാജാവിനോട് പറയുകയായിരുന്നു. രാജാവ് അത്ഭുതപ്പെട്ടു, ഉടൻ തന്നെ അവളുടെ ഭൂമിയും അതിന്റെ എല്ലാ വിളവും അവൾക്ക് തിരികെ നൽകാൻ ഉത്തരവിട്ടു.

ഇത് യാദൃശ്ചികമായിരുന്നില്ല - ദൈവം അവളുടെ നീതിക്കും വിശ്വസ്തതയ്ക്കും പ്രതിഫലം നൽകിയ രീതിയായിരുന്നു അത്. അവൾ ഒരിക്കലും അവളുടെ ദയയ്ക്ക് അംഗീകാരമോ പ്രതിഫലമോ ആവശ്യപ്പെട്ടില്ല, പക്ഷേ ദൈവം അവളുടെ നല്ല പ്രവൃത്തികൾ ഓർമ്മിക്കുകയും രാജാവിന്റെ മുമ്പാകെ അവളെ ബഹുമാനിക്കുകയും ചെയ്തു. നമ്മൾ ചെയ്യുന്ന നന്മകൾ ദൈവം ഒരിക്കലും മറക്കില്ല. മറ്റുള്ളവർ നമ്മെ അവഗണിച്ചാലും വിശ്വസ്തതയോടെ ജീവിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നു.

എല്ലാ വിശ്വാസികൾക്കും എക്കാലത്തെയും മാതൃകയായി ശൂനേംകാരത്തി നിലകൊള്ളുന്നു. ദൈവത്തോടുള്ള വിശ്വസ്തതയിലാണ് യഥാർത്ഥ മഹത്വം അടങ്ങിയിരിക്കുന്നതെന്ന് ജീവിതം കൊണ്ട് നമ്മെ പഠിപ്പിക്കുന്നവളാണ് ശൂനേംകാരി സ്ത്രീ.

പള്ളിസ്ഥലത്തെ ദേശീയപാത നിർമാണം നിർത്തിവയ്ക്കണമെന്ന് കോടതി ഉത്തരവ്

കായംകുളം: ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ സ്ഥലത്ത് ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ടുള്ള നിർമാണ പ്രവർത്തനങ്ങൾ ഒരു മാസത്തേക്ക് നിർത്തിവയ്ക്കണമെന്ന് ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. പള്ളിയുടെ മുന്നിലെ കുരിശടി റോഡ് നിർ മാണത്തിന്റെ ഭാഗമായി തകർത്തതിനെതിരെ പള്ളി വികാരി ഫയൽ ചെയ്ത ഹർജിയിലാണ് ജസ്റ്റിസ് വിജു ഏബ്രഹാം ഉത്തരവ് നൽകിയത്. ദേശീയ പാത അതോറിറ്റി ചെയർമാൻ, പ്രോജക്ട് ഡയറക്ടർ, സംസ്ഥാന പൊതുമരാമത്ത് സെക്രട്ടറി എന്നിവരെ എതിർ കക്ഷികളാക്കിയാണ് ഹർജി നൽകിയത്.

ഹർജി ഡിസംബർ 17-നു വീണ്ടും പരിഗണിക്കും. പൊലീസ് ഉദ്യോഗസ്ഥർ, റവന്യു വിഭാഗം, ദേശീയപാത അതോറിറ്റി ജീവനക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ കരാർ കമ്പനിയായ വിശ്വസമുദ്രയുടെ ജീവനക്കാരും തൊഴിലാളികളും ചേർന്ന് മുന്നറിയിപ്പില്ലാതെ കുരിശടിയും പള്ളിയുടെ അനുബന്ധ സ്ഥാപനങ്ങളും പൊളിച്ചതിനെതിരെയുള്ള ഹർജിയാണ് കോടതി പരിഗണിച്ചത്. കഴിഞ്ഞ ഒക്ടോബർ 15-നു വൈകിട്ടാണ് മണ്ണു മാന്തിയടക്കമുള്ള ഉപകരണങ്ങളുമായെത്തി ഒറ്റക്കല്ലിൽ തീർത്ത കുരിശടി തകർത്തത്. ഇതോടൊപ്പം പള്ളിയുടെ സ്കൂളിന്റെ ഓഫിസ് മുറിയും തകർത്തിരുന്നു.

തുടർന്ന് വിശ്വാസികൾ സംഘടിച്ച് കരാറുകാരുടെ നടപടിയെ ചോദ്യം ചെയ്തിരുന്നു. രമേശ് ചെന്നിത്തല എംഎൽഎ, കലക്ടർ എന്നിവർ ഇടപെട്ട് പ്രശ്നം പരിഹരിക്കാമെന്ന് ഉറപ്പ് നൽകിയതോടെയാണ് പ്രതിഷേധം ശമിച്ചത്.



മദ്രാസ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്നും മാത്യു കോശി ഓടാശ്ശേരിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. "സാമ്പത്തിക വളർച്ചാ ചക്രങ്ങളുടെ മോഡലിംഗ്, ധനനയവും ധനകാര്യനയവും തമ്മിലുള്ള ഇടപെടലുകൾ,വിദേശ നിക്ഷേപത്തിന്റെ വളർച്ചയിലേക്കുള്ള സ്വാധീനം" എന്ന വിഷയത്തിലാണ് ഗവേഷണം നടത്തിയത്. കായംകുളം കാദീശ കത്തീഡ്രലിൽ ഓടാശ്ശേരിൽ പുത്തൻ വീട്ടിൽ കോശി മാത്യുവിന്റെയും മേഴ്സി കോശിയുടെയും മകനാണ്.



തൃശൂർ ഭദ്രാസനത്തിലെ പീച്ചി ഇടവകയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുടുംബത്തിന് ഒരു പുതിയ വീട് നിർമ്മിച്ച് നൽകി. യൂഹാനോൻ മാർ മിലിത്തോസ് കൂദാശ നിർവ്വഹിച്ചു. ഭദ്രാസനത്തിൽ നിന്നുള്ള മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗമായ ജോൺ പി. ജെ. ആണ് വീട് നിർമ്മാണത്തിനു പണം നൽകിയത്. തൃശൂർ ഭദ്രാസനത്തിൽ അദ്ദേഹം നിർമ്മിച്ച രണ്ടാമത്തെ വീടാണിത്. ഒരു വീട് കൂടി അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ട്.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി

വചനതീർത്ഥം



എലിസബത്തിന്റെ അടുക്കലേക്കുള്ള യാത്ര

(ലൂക്കോസ് 1:39–56)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

രണ്ടു വചനിപ്പുകളുടെ സംഗമ ഭൂമിയാണ് ഈ കൂടിക്കാഴ്ച. ലോകത്തിന്റെ കാഴ്ചയിൽ കാലത്തിന് മുൻപേ ഗർഭവതിയായ ഒരു ബാലികയും കാലം തെറ്റി ഗർഭവതിയായ ഒരു വൃദ്ധയും പരസ്പരം ക ണ്ടു മുട്ടുന്നു.

പരസ്പരം ധൈര്യപ്പെടുത്തുന്ന കൂടിക്കാഴ്ച

ഗർഭവതിയായ മറിയം ബന്ധപ്പെട്ട് യഹൂദ്യനാട്ടിൽ ചെന്ന് എലിസബത്തിനെ കണ്ടു എന്നാണ് സുവിശേഷം സൂചിപ്പിക്കുന്നത്. ഈ കൂടിവരവ് എന്തിനായിരുന്നു എന്ന് ചോദ്യമുണ്ട്. ഒരു സാധാരണ വായനയിൽ ഗർഭവതിയായ എലിസബത്തിനെ സഹായിക്കണം എന്നൊരു താല്പര്യം മറിയാമിൽ നമുക്ക് ദർശിക്കുവാൻ സാധിക്കും. എന്നാൽ അതിനുമപ്പുറത്ത് ഒരു ദൈവീക പദ്ധതിയുടെ പൂർത്തീകരണം എന്ന ഒരു ലക്ഷ്യവും ഇതിലുണ്ട്.

എലിസബത്ത് ഒരുതരം നാണക്കേട് കാരണം സ്വയം ഉൾവലിഞ്ഞ് ഒളിച്ചു പാർക്കുകയായിരുന്നു എന്ന് ലൂക്കോസ് 1:25 പറയുന്നുണ്ട്. മറിയാമിനും പരിഭ്രാന്തികൾ ഏറെ ഉണ്ടാകാം. ഭയത്തിലും ആകുലതയിലും ആയിരുന്ന ജീവിതങ്ങൾ പരസ്പരം ധൈര്യം ആകുന്ന ചിത്രം നമുക്ക് ഇവിടെ ദർശിക്കാം. ഇവർ പരസ്പരം നിശബ്ദമായി പറയുന്ന ഏറെ വാക്കുകൾ ഉണ്ട്. യുക്തിക്കപ്പുറമായി നമ്മുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പലതും ദൈവീക പദ്ധതിയാണ്. ഒരുപക്ഷേ അപമാനം എന്ന് ലോകം വിളിക്കാവുന്ന തങ്ങളുടെ ഈ അവസ്ഥ ദൈവത്തിന്റെ നിയോഗം ആണെന്ന് മറിയം വിളിച്ചു പറയുന്നുണ്ട്. മറിയാമും ഏലിസബത്തും ഒരേ ലക്ഷ്യത്തിലേക്ക് പാഞ്ഞെത്തിയ വിസ്മയ നൗകകൾ ആയിരുന്നു എന്നാണ് ആരാധനക്രമത്തിൽ നാം പാടുന്നത്. എലിസബത്തിന്റെ വാർദ്ധക്യത്തിലെ ഗർഭം എന്ന നിന്ദയെ മറിയാമിൻറെ ശൈശവത്തിലെ ഗർഭം എന്ന നിയോഗം കൊണ്ട് മറിയം മാറ്റി കളയുകയാണ്. നാം നേരിടുന്ന ബലഹീനതകൾ ദൈവം നമ്മെ തിരഞ്ഞെടുത്തു എന്നതിന്റെ അടയാളമാണ് എന്ന് ഈ സ്ത്രീകൾ മനസ്സിലാക്കുകയാണ്

യഥാർത്ഥത്തിൽ മറിയം ഒരു അപ്പോസ്തോലയാണ്. ക്രിസ്തുവിനെയും വഹിച്ചുകൊണ്ട് യാത്ര ചെയ്തു മറ്റുള്ളവരെ വിശ്വാസത്തിലേക്ക് ചേർത്തു നിർത്തുക എന്നതാണ് ഒരു അപ്പോസ്തോല ചുമതല. അതേ ഉത്തരവാദിത്വമാണ് മറിയം നിർവഹിക്കുന്നത്. ഒരുപക്ഷേ കഴിഞ്ഞ അഞ്ചുമാസം എലിസബത്ത് ഉള്ളിൽ സൂക്ഷിച്ചിരുന്ന സംശയവും ആകുലതകളും ഉദരത്തിലുള്ള ശിശുവിന്റെ കുതിച്ചുചാട്ടത്തിലൂടെ ഇല്ലാതെ ആവുകയാണ്.

തലമുറകളുടെ സംഗമമായ കൂടിക്കാഴ്ച്ച

ഗർഭവതികളായ രണ്ട് സ്ത്രീകളുടെ കൂടി വരവിന് തലമുറകളുടെ സംഗമം എന്നൊരു മാനം നൽകുവാൻ സാധിക്കും. ഇവർ രണ്ട് വ്യത്യസ്ത തലമുറകളെ പ്രതിനിധാനം ചെയ്യുന്നവരാണ്. വൃദ്ധയായ സ്ത്രീയാണ് എലിസബത്ത്; മറിയം ബാലികയാണ്.

ഇന്നത്തെ ലോകം ഏറ്റവും അധികം പ്രയാസപ്പെടുന്ന ഒരു അവസ്ഥയാണ് തലമുറകളുടെ അന്തരം (generation gap) എന്നത്. രണ്ടു തലമുറകളിൽപെട്ടവർക്ക് പരസ്പരം മനസ്സിലാക്കുവാനും ഒന്നിച്ചു പോകുവാനോ വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ചിലപ്പോഴെങ്കിലും വൃദ്ധ മാതാപിതാക്കളും അടുത്ത തലമുറയിലെ മക്കളും പഴിചാരിയും കുറ്റപ്പെടുത്തിയും ജീവിക്കുമ്പോൾ മറിയാമിന്റെയും എലിസബത്തിന്റെയും കൂടിവരവ് ഒരു മാതൃകയാവുകയാണ്. ഇവർ രണ്ടുപേരും ഒരുമിച്ച് കൂടുമ്പോൾ യാതൊരു അസ്വസ്ഥതകളും ഉണ്ടാകുന്നില്ല എന്ന് മാത്രമല്ല പരസ്പരം പങ്കിടുന്നത് ആശീർവാദങ്ങളും പ്രാർത്ഥനകളും അഭിനന്ദനങ്ങളും ആണ്. മൂന്നുമാസക്കാലം മറിയം എലിസബത്തിനോടൊപ്പം ഉണ്ടായിരുന്നുവെന്ന് വേദപുസ്തകം സാക്ഷിക്കുന്നുണ്ട്.



യൌവ്വനം പ്രതീക്ഷിക്കുന്ന അംഗീകാരം നല്കുവാൻ എലിസബെത്തും വാർധക്യം പ്രതീക്ഷിക്കുന്ന കരുതൽ നല്കുവാൻ മറിയാമിനും സാധിക്കുന്നുണ്ട്.


വിപ്ലവാത്മകമായ കൂടിക്കാഴ്ച്ച

മറിയം എലിസബത്തും കണ്ടുമുട്ടുമ്പോൾ മറിയം പാടുന്ന പാട്ട് വേദപുസ്തക ചരിത്രത്തിലെ തന്നെ ഏറ്റവും വിപ്ലവാത്മകമായ ഒന്നാണ് പഴയനിയമ സ്ത്രീ കഥാപാത്രങ്ങളായ മിരിയാമിന്റെയും (പുറ. 15: 20–21) ദെബോരായുടെയും (ന്യായാ. 5) ഹന്നായുടെയും (1 ശമു. 2:1–10) പാട്ടുകളുടെ മാതൃകയിലാണ് ഈ പാട്ടും സുവിശേഷകൻ അവതരിപ്പിക്കുന്നത്. മശിഹായുടെ ആഗമനത്തോടെ സംജാതമാകുന്ന വ്യത്യസ്തമായ ഒരു ലോക ക്രമത്തെയാണ് മറിയാമിന്റെ പാട്ട് അവതരിപ്പിക്കുന്നത്. മൂന്നു തരം പരിവർത്തനങ്ങളെ ഇവിടെ കാണുവാൻ സാധിക്കും. ധാർമികമായി ഉള്ള പരിവർത്തനം ദൈവം നടത്തുന്നു – "അവൻ പ്രഭുക്കന്മാരെ സിംഹാസനത്തിൽ നിന്ന് ഇറക്കുകയും താഴ്ന്നവരെ ഉയർത്തുകയും ചെയ്യും" (ലൂക്കോസ് 1: 52) സാമൂഹികമായ ഒരു പരിവർത്തമാണ് രണ്ടാമത്തേത് – തന്റെ ഭുജംകൊണ്ടു അവൻ ബലം പ്രവർത്തിച്ചു, ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു(ലൂക്കോസ് 1: 51). മൂന്നാമത്തെ പരിവർത്തനം സാമ്പത്തികമായ ഒന്നാണ് – വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു, സമ്പന്നന്മാരെ വെറുതെ അയച്ചു കളഞ്ഞിരിക്കുന്നു (ലൂക്കോസ് 1:53)

ആധുനിക ലോകക്രമത്തിൽ തീർത്തും പ്രസക്തമായ ഒന്നാണ് ഇത്. അധാർമികതയും, സാമൂഹിക ശിഥിലീകരണവും മുതലാളിത്ത സംവിധാനവും ശക്തി പ്രാപിക്കുന്ന ലോക വ്യവസ്ഥയിൽ ക്രിസ്തു അനുഭവം മുന്നോട്ട് വയ്ക്കുന്ന ഈ ദർശനങ്ങൾ അമൂല്യമാണ്.

❑

Church Calendar



Blessed are you among women, and blessed is the fruit of your womb

St. Mary's Journey to Visit Elizabeth (Luke 1:39-56)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The central theme of this scripture passage is the meeting between the Holy Virgin Mary, the Mother of God, and Elizabeth, the mother of John the Baptist. The rare convergence of the Old Testament and the New Testament is what makes this meeting so distinct.

As soon as the angel Gabriel proclaimed the Word of God to the Virgin Mary, he also informed her that her relative Elizabeth was pregnant. Mary's visit was a loving consolation to Elizabeth, who was living with the weariness of pregnancy in old age and the mental conflict of being unable to speak with her husband. They are two great women rejoicing in God, praising Him for the good gifts He has bestowed upon them. Mary's song becomes a song of hope and awakening for Elizabeth, who was in mental distress.


Two Women Who Turned Human Reproach into Divine Joy Through Trust in God

Both of these women had experienced much human condemnation. Elizabeth, despite being a priest's wife, bore the label of barren for being childless, while Mary, a virgin brought up in the temple, became pregnant before marriage.

However, they both recognized that the reproach they endured was temporary and that the fulfilment of God's will through them was of utmost importance. The thought that governed them both was that they were blessed if they had to suffer shame for His name's sake. The blessing they received through this worldly reproach was the fortune for Elizabeth to bear the forerunner of our Lord, and for Mary to bear the Son of God. Heavenly joy is eternal. It was in the fullness of this joy that both became blissful, and Mary, like an impromptu poet, composed a hymn in the Spirit.

Both were fully aware of the changes that were about to happen through them. They had no doubt that their children would reconnect this society with God. Mary's song and Elizabeth's attentive listening testify to this. The Church Fathers interpret Mary's song as a proclamation of the fundamental and radical changes that would occur in society through the birth of the Son of God. Through Mary's song, the Church's hope for the foundational transformations in creation, brought about by the birth of God's Son, is expressed. That is why this hymn has become an inseparable part of our worship.

Through their meeting, Mary and Elizabeth arrive at an experience of joy. Mary, carrying the Son of God in her womb, is in the fullness of that supreme bliss 'because God poured His grace upon them and they understood the mysteries of the divine plan being fulfilled through them.' It is the proximity of the Mother of God, who came to serve her, that brings Elizabeth to a state of joyful ecstasy. The infant leaped for joy in her womb. The meeting of Elizabeth and Mary is in the fullness of the Holy Spirit.



In our worship, the intercessory prayer to the Holy Virgin Mary contains the sentence, "Blessed are you among women, and blessed is the fruit of your womb." These words, which Elizabeth spoke in the Holy Spirit, did not lead the Virgin Mary to pride. Mary was not prepared to refuse the opportunity to serve her relative. She journeyed to the hill country of Judea and arrived at that priestly home. Elizabeth, too, was not reluctant to welcome her relative.

It is this openness that we are missing today. If we open our hearts to God and to our brethren, that space will become a stage for miracles. In this meeting, there is no scorn, no complaint. Instead, only the joy born of God's grace fills the space. It is worth reflecting on whether this is achievable in our own life journeys.

Mary travels, meets, and rejoices. Elizabeth receives, meets, and rejoices. The joy of both becomes bliss. We must be able to grow into this fullness of

mutual acceptance and the joy that results from it.

Women Who Were Obedient to God's Commandments

When Differences Become Similarities

This loving meeting takes place amidst many differences. Mary is a young woman, while Elizabeth is elderly. Mary carries the New Testament in her womb, while Elizabeth carries the last link of the Old Testament. Mary is a simple virgin raised in the temple, whereas Elizabeth is the wife of a priest, holding a high position in society. Elizabeth's pregnancy is the fulfilment of a long period of waiting, whereas Mary's mission is unexpected.

However, amid all these differences, they also share many similarities. Both were completely obedient to God's command, both were steadfast in prayer, and both were models of humility. Above all, they were filled with the Holy Spirit. In this meeting, there are no hierarchies. The message conveyed through them is that all are equal before the will of God. It is when we are filled with the Holy Spirit that we become capable of seeing God's standards beyond the world's perspectives, of grasping divine mysteries, and of loving and blessing with an open heart, free from envy and pretence. This is what their meeting teaches us.

Let us unite in the spirit of mutual love and care, counting the world's reproaches as blessings before God. May the intercession of the Holy Mother of God and of Elizabeth be a fortress for us. ❑

സഹായിച്ചില്ലെങ്കിലും നിരാലംബരാക്കരുത്: പരിശുദ്ധ കാതോലിക്കാ ബാവാ

മംഗലാപുരം: പാലക്കാട് യാക്കരയിൽ പട്ടികവർഗ വിദ്യാർത്ഥികൾ സ്‌ക്കോളർഷിപ്പിനായി സമർപ്പിച്ച അപേക്ഷകൾ കുറ്റിക്കാട്ടിൽ ഉപേക്ഷിക്കപ്പെട്ട സംഭവം അത്യന്തം ഖേദകരമാണെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഉന്നതികളിലെ വിദ്യാർത്ഥികളോടുള്ള അവഗണനയായി മാത്രമേ ഇതിനെ കാണാൻ കഴിയൂവെന്നും സഭാധ്യക്ഷൻ പ്രതികരിച്ചു. നിറഞ്ഞ പ്രതീക്ഷയോടെയാണ് കുട്ടികൾ സ്‌ക്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചത്. മനുഷ്യൻ തന്റെ ദയനീയതയിലാണ് മറ്റുള്ളവരെ സഹായത്തിനായി ആശ്രയിക്കുന്നത്. അവരെ സഹായിക്കാൻ കഴിഞ്ഞില്ലെങ്കിലും ഇത്തരത്തിൽ നിരാലംബരാക്കരുതെന്നും വിഷയത്തിൽ ഫലപ്രദമായ ഇടപെടൽ ഉണ്ടാകണമെന്നും പ. കാതോലിക്കാ ബാവാ കൂട്ടിച്ചേർത്തു. മലങ്കരസഭയുടെ ബ്രഹ്മവാർ ഭദ്രാസനത്തിലെ റെഞ്ചിലാടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ വിശുദ്ധ കൂദാശയ്ക്കായി എത്തിയതായിരുന്നു ബാവാ.



കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരിയുടെ ശതാബ്ദി ഉദ്ഘാടന സമ്മേളനത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് പങ്കെടുത്ത് ആശംസകൾ നേർന്നു.



Malankara Orthodox Syrian Church Participates in CCA Meeting at Thailand

Thailand: The Malankara Orthodox Syrian Church was represented by Dr. Geevarghese Mar Barnabas at the Christian Conference of Asia (CCA) meeting held in Thailand from November 21 to 24, 2025.

The conference, centered on the theme "Ecumenical Diakonia – Accompaniment, Solidarity, and Participation in God's Mission in Asia," brought together church leaders, theologians, and delegates from across the region.

Dr. Geevarghese Mar Barnabas delivered an inspiring Bible study session, offering profound reflections on Christian witness and compassionate service in contemporary Asian contexts. He also commommerated the late lamented ecumenical leader Dr. Palouse Mar Gregorios on his 29th day of demise.

The participation of the Malankara Orthodox Syrian Church in this significant ecumenical gathering highlighted the Church's ongoing commitment to collaborative mission, social engagement, and inter-church solidarity in Asia.



മാവേലിക്കര ഭദ്രാസന വൈദീക സംഘത്തിന്റെ നേതൃത്വത്തിൽ ക്ലർജി ഫെലോഷിപ്പ് യാത്ര സംഘടിപ്പിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് നേതൃത്വം നൽകി. ഭദ്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ, വൈദിക സംഘം സെക്രട്ടറി ഫാ. ബിനു ഈശോ, ഫെലോഷിപ് യാത്ര കൺവീനർ ഫാ. ജോയിസ് ജോയി എന്നിവരുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വൈദികർ സംബന്ധിച്ചു.

രുചി

ഫാ. അജീഷ് ബാബു

'എന്റെ കഥകൾ വായിച്ച് നിങ്ങൾ ചിരിച്ചിട്ടുണ്ടെങ്കിൽ ആ കഥ എഴുത്തിൽ ഞാൻ എത്രയോ തവണ ചിരിച്ചു. എന്റെ കഥകൾ വായിച്ചു നിങ്ങൾ കരഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ ആ കഥ എഴുത്തിൽ എത്രയോ കരഞ്ഞു.'

– വൈക്കം മുഹമ്മദ് ബഷീർ.

ചിലർക്ക് ചില മുറിവുകൾ ആനന്ദമാണ്, പലപ്പോഴും ഓർത്തുപോകും എന്തുകൊണ്ടാണ് ഈ മുറിവുകൾ ആനന്ദമാകുന്നത് അതിനു കാരണം ഒന്നേയുള്ളൂ അവരെ ആവരണം ചെയ്തിരിക്കുന്ന ഒരു പൂമ്പാറ്റ ഹൃദയം ഉണ്ട്. വളരെ പ്രതീക്ഷയോടെ സുന്ദരമാണെന്ന് കരുതുന്ന പൂവിൽ തേൻ നുകരാൻ ചെന്നപ്പോഴാണ് മനസ്സിലായത് തനിക്ക് മുൻപേ ആരോ വന്നു സുന്ദരിയായ ആ പൂവിൽ നിന്ന് തേൻ അപഹരിച്ചു കളഞ്ഞു എന്ന്. പൂമ്പാറ്റയ്ക്ക് ഒരു പരാതിയും ഇല്ല അതിന്റെ വർണ്ണചിറകുകൾ വിടർത്തി അതിമനോഹരമായി അടുത്ത പൂവിലേക്ക് അത് മറന്നു പോകും. സ്വന്തമായിരുന്നതൊക്കെ പെട്ടെന്ന് നഷ്ടമാകുമ്പോൾ ഭൂമി പിളർന്ന് ഒന്ന് താണുപോകുവാൻ സ്വയം ആഗ്രഹിച്ചു പോകാറുണ്ട്, ജീവിച്ചിരിക്കെ തന്നെ മരിച്ചവരായി കഴിയേണ്ട അവസ്ഥയിൽ.

ജീവിതത്തിൽ സുന്ദരമെന്ന് കരുതുന്നതിനു മുകളിൽ കൂടി നിരാശയുടെ ചിലന്തിവല കെട്ടിയാൽ വളരെ സാവധാനം കൈ ഉയർത്തി ആ ചിലന്തിവല പൊട്ടിച്ച് പുറത്തുപോവുക. അങ്ങനെയുള്ള മനുഷ്യരാണ് മുറിവുകളെ ആനന്ദം ആക്കുന്നത്. ആനന്ദത്തിൽ മറഞ്ഞിരിക്കുന്ന ഒരു രുചിയുണ്ട്.

സ്വയം ഇറങ്ങി:

(സ്വയം ഇറങ്ങിപ്പോയ ഇളയമകന്റെ വീട് ഓർമ്മ).

സൗഹൃദങ്ങളുടെ ആ വീട് ഒരു രുചി കൂട്ടായിരുന്നു. അത് ഭക്ഷണത്തിൽ മാത്രമല്ല ബന്ധങ്ങളിലും രുചിയുണ്ട്. മകന്റെ ആഗ്രഹത്തെ പ്രതി വിട്ടുകൊടുക്കുന്നതിൽ അധികം താമസം എടുക്കാത്ത പിതാവാണ്. സ്വയം നേടിയതിനെ വിട്ടുകൊടുക്കാൻ, അതാരായാലും വളരെ പ്രയാസമാണ്. നേടിയതെല്ലാം നമ്മളിൽ തന്നെ അവസാനിക്കണമെന്ന് ഇതിനിടയിൽ ചിലപ്പോഴൊക്കെ ശാഠ്യം പിടിക്കാറുണ്ട്. പക്ഷേ വിട്ടുകൊടുക്കുന്നതിൽ പിതാവ് കാണിക്കുന്ന മൗനം, ധൃതി ആ ഭവനത്തിലെ ബന്ധങ്ങളുടെ രുചിക്കൂട്ട് തന്നെയാണ്. തന്റെ സഹോദരന് പങ്കുവെക്കുന്നതിൽ ജ്യേഷ്ഠന് ഒന്നും പറയാനില്ല നിശബ്ദതയും മൗനവും ആണ്. ആ വീട് മുഴുവനും നിറഞ്ഞുനിൽക്കുന്ന സൗഹൃദത്തിന്റെ ആഴത്തിൽ നിന്നാണ് രുചി രൂപപ്പെട്ടത്, പക്ഷേ ആ രുചിയെ അമിത സ്വാതന്ത്ര്യമുള്ള ഇളയ മകൻ ദുരുപയോഗം ചെയ്തു, രുചിക്കൂട്ടിൽ നിന്ന് പുറത്തുപോയി.

രുചിക്കൂട്ടിൽ നിന്ന് പുറത്തു പോവുക എന്ന് പറഞ്ഞാൽ സ്വന്തം ആനന്ദങ്ങളിൽ നിന്ന് സ്വയം പിന്തിരിഞ്ഞു പോവുക എന്നതാണ് അർത്ഥം. സൗഹൃദങ്ങളിലെ ആനന്ദം സ്വയം നഷ്ടമാക്കിയവൻ വീട്ടിൽ നിന്ന് പുറത്തേക്ക് ഇറങ്ങി നടക്കുകയാണ്. വീട്ടിൽനിന്ന് പുറത്തിറങ്ങിയ നാളു മുതൽ ഒരിക്കൽപോലും ആ രുചിയിലേക്ക് അയാൾ മടങ്ങി വന്നിട്ടില്ല, ആനന്ദം അയാളെ അനുഭവിച്ചിട്ടില്ല. എത്തിയ ഒരിടവും ജീവിച്ചു തീർക്കാൻ കഴിയാതെ ഒരിടത്തുനിന്ന് മറ്റൊരു അടുത്തേക്ക് അതിവേഗമാണ് പൊയ്ക്കൊണ്ടിരുന്നത്. ഇതിനിടയിൽ എത്രയോ ആളുകൾ, സൗഹൃദങ്ങൾ എല്ലാം കൈമോശം വന്നു.

നഷ്ടപ്പെട്ടു എന്നു കരുതിയത് തിരിച്ചുകിട്ടുമ്പോഴുള്ള സന്തോഷം നഷ്ടപ്പെടലുകളുടെ രുചി അനുഭവിച്ചവന് സ്വന്തമാണ്. ജീവിതത്തിൽ എന്തൊക്കെ നഷ്ടപ്പെടുന്നോ അതിന്റെ ലിസ്റ്റ് വ്യക്തികൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കും. ധൂർത്തപുത്രന് നഷ്ടപ്പെട്ടത് അവനെതന്നെയായിരുന്നു. പിതാവിന്റെ നഷ്ടത്തിന്റെ കണക്കുകളെ കുറിച്ച് ധ്യാനിക്കുന്നതിനിടയിൽ ഭവനത്തിൽ നിന്ന് ഇറങ്ങി പോയവൻ സ്വയം അനുഭവിക്കുന്ന ഒരു നഷ്ടബോധമുണ്ട്. തന്റെ സ്വാതന്ത്ര്യത്തിനും പിടിവാശിക്കുമനുസരിച്ച് സ്നേഹപൂർവ്വം പെരുമാറുന്ന പിതാവും, തനിക്ക് പദവിയും അധികം സ്നേഹവും നൽകുമ്പോഴും നിശബ്ദമായി നടന്നു പോകുന്ന തന്റെ സഹോദരനും, തന്റെ ആഗ്രഹങ്ങൾക്ക് അനുസരിച്ച് തന്നെ പരിചരിക്കുന്ന ദാസീദാസന്മാരും എല്ലാം അവനെ നഷ്ടമായി. ആ നഷ്ടബോധത്തെക്കുറിച്ച് അയാൾക്ക് തിരിച്ചറിവുണ്ടാകുന്നത് വളരെ സാവധാനമാണ്. ആ തിരിച്ചറിവുണ്ടായപ്പോൾ പിതാവിലേക്ക് തിരിച്ചുപോകാൻ അവൻ തീരുമാനിച്ചു. മടങ്ങിവരവിന് കാരണവും രുചി തന്നെയാണ്, പന്നിക്കൂട്ടിലെ രുചി. ആദ്യമായിട്ടാണ് പന്നികൾക്കൊപ്പം അയാൾ ഭക്ഷണം കഴിക്കുന്നത്. പന്നികൾ ഭക്ഷണം കഴിക്കുന്നതിനിടയിൽ അവർ എന്തൊരു വേഗതയാണ്. കൂടെയുള്ള ആരെയും



ഗൗരവത്തിൽ എടുക്കാതെ സ്വയം മറന്നാണ് പന്നികൾ ഭക്ഷണം കഴിക്കുന്നത്. ഒരുപക്ഷേ പന്നികൾക്കുള്ള ഭക്ഷണം നൽകിയത് അയാൾ തന്നെയാണ്, ഭവനത്തിൽ നിന്ന് ഒറ്റയ്ക്ക് ഇറങ്ങി നടന്ന മനുഷ്യൻ. അയാൾ സൂക്ഷ്മതയിൽ തിരിച്ചറിഞ്ഞത് പന്നികൾ കൂട്ടത്തിൽ ജീവിക്കുമ്പോഴും സ്വന്തം ഭക്ഷണകാര്യത്തിൽ ആരെയും ശ്രദ്ധിക്കുന്നില്ല. തന്റെ ഒപ്പം ഭക്ഷണത്തിന് ഇരിക്കുന്ന അപ്പൻ താൻ കഴിച്ച് തൃപ്തിയാകുന്നതിൽ ഏറെ സന്തോഷിച്ചിരുന്നവനാണ്, എന്നിട്ടും അതിനെ ഒഴിവാക്കിയാണ് ഈ ഒറ്റയ്ക്കുള്ള യാത്ര.

അയാൾ സ്വയം തിരിച്ചുപോകുന്നു ഒറ്റതിരിഞ്ഞ് ഭക്ഷണം കഴിക്കുന്ന ആ പന്നികളെ നോക്കിയിട്ട്. വിശപ്പുകൊണ്ട് തന്നെയാണ് യാത്ര ചെയ്യുന്നത്, പക്ഷേ തിരിച്ചുള്ള മടക്കയാത്രയിൽ വിശപ്പിനെ മൂടുന്ന ഒരു ആനന്ദം ഉള്ളതുകൊണ്ട് പെട്ടെന്നാണ് വീട്ടിലേക്ക് മടങ്ങുന്നത്. പന്നിക്കൂട്ടത്തിൽ പറ്റതിരിഞ്ഞു നിൽക്കുന്ന പന്നികൾ അയാളെ ആനന്ദത്തിലേക്ക് അയച്ചു, രുചിയിലേക്ക് അയച്ചു.

ഹെൻട്രി. ജെ. എം. നോവന്റെ പ്രസിദ്ധമായ പുസ്തകമാണ് The Return of the Son. പതിനേഴാം നൂറ്റാണ്ടിൽ ഞലായൃമിറ വരച്ച ചിത്രത്തെ ധ്യാനിച്ചെഴുതിയ പുസ്തകം. ക്ഷീണിച്ചവശനായി കീറിപ്പറിഞ്ഞ വസ്ത്രങ്ങളും തേഞ്ഞു പകുതിയായ ചെരുപ്പുമണിഞ്ഞ് അപ്പന്റെ മാറിൽ തലയമർത്തി മുട്ടുകുത്തിനിൽക്കുന്ന പുത്രനെ വാത്സല്യപൂർവ്വം ആശ്ലേഷിക്കുന്ന പിതാവ്. അപ്പന്റെ കൈകൾക്ക് ഒരു പ്രത്യേകതയുണ്ട്. ഒരു കൈ സ്ത്രീയുടെയും മറ്റേകൈ പുരുഷന്റെതുമാണ്. വ്യത്യസ്ത സ്വഭാവക്കാരായ മൂന്നുപേരാണ് ഈ ഉപമയിലെ കഥാപാത്രങ്ങൾ.

ബഷീർ തന്റെ അമ്മയെ ഓർക്കുന്നത് ഇങ്ങനെയാണ്, ജയിലിൽ നിന്ന് പാതിരാവിൽ വീട്ടിലേക്കെത്തിയ ബഷീർ തനിക്കുവേണ്ടി മൂടിവച്ചിരിക്കുന്ന ചോറും കൂട്ടാനും കണ്ട് അമ്പരക്കുന്നു. പാട്ടവിളക്കിന്റെ വെട്ടത്തിലിരുന്ന് ഉണ്ണുമ്പോൾ അയാൾ അത്ഭുതത്തോടെ ചോദിച്ചു. 'ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?'

അമ്മ പറഞ്ഞു, "ഓ... ചോറും കറിയും വച്ച് എല്ലാ രാത്രിയും നിന്നെ കാത്തിരിക്കും."

❑

ഭരണഘടന: ഭാരതത്തിന്റെ ജീവനും, ആത്മാവും

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

ഭാരതമെന്ന മഹാരാജ്യത്തിന്റെ ജീവനും ആത്മാവും കുടികൊള്ളുന്നത് നാം അടിയുറച്ച് വിശ്വസിക്കുന്ന ഭരണഘടനയിലാണ്. നീതിയും, സ്വാതന്ത്ര്യവും, സമത്വവും, സാഹോദര്യവും പ്രദാനം ചെയ്യുന്ന അടിസ്ഥാനശിലയാണ് ഭരണഘടന. രാജ്യം ഭരണഘടനയുടെ 75ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസായി നിയമതിനായ ബഹുമാനപ്പെട്ട സുര്യകാന്തിന്റെ വാക്കുകളും ശ്രദ്ധേയമാണ്. ജാതിയുടെ പേരിൽ സമൂഹം വിഭജിക്കപ്പെടരുതെന്ന അദ്ദേഹത്തിന്റെ അഭിപ്രായം രാവിലെ വായിക്കുവാൻ ഇടയായി. വസുധൈവ കുടുംബകം എന്ന മാനവീയമായ ആശയത്തിൽ നിന്നുള്ള ദർശനമാണ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

ഭരണഘടന ഭാരതത്തിന്റെ നിലനിൽപ്പിനെയും, സ്വാതന്ത്ര്യത്തെയും, സ്വയം ശീർഷകത്തെയും എത്തരത്തിൽ സംരക്ഷിക്കുന്നുവോ അതേ അർത്ഥത്തിലാണ് 1934-ലെ മലങ്കരസഭാ ഭരണഘടന സഭയുടെ സ്വാതന്ത്ര്യത്തിന് വഴിവിളക്കാകുന്നത്. ഇന്ത്യൻ ഭരണഘടന രൂപീകരിക്കപ്പെടുന്നതിനും വർഷങ്ങൾക്ക് മുൻപ് പരിശുദ്ധ സഭയുടെ പിതാക്കൻമാർ മലങ്കരസഭാ ഭരണഘടനയ്ക്ക് രൂപം നൽകി. രാജ്യം ഭരണഘടനാ ദിനമായി ആചരിക്കുന്ന ഈ മഹനീയ വേളയിൽ ഭാരതീയരായ നാം ഏവർക്കും അഭിമാനിക്കാം. നമ്മുടെ രാജ്യം നമ്മുടെ അഭിമാനം.



സമൂഹത്തിന്റെ വിഭിന്നമേലകളിൽ സാമൂഹ്യനന്മ പ്രശോഭിപ്പിക്കുന്ന മഹത് വ്യക്തികളെ ആദരിക്കുന്നതിന്റെ ഭാഗമായുള്ള 2025-ലെ ഗാന്ധിഭവൻ നാഷണൽ എക്സലൻസ് അവാർഡ് ഫാ. ബിജു പി. തോമസിന് മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും ഉപദേശകനുമായിരുന്ന ടി. കെ. എ. നായർ സമ്മാനിച്ചു. ജീവകാരുണ്യ, സാഹിത്യ മേഖലകളിലെ സംഭാവനകളെ മാനിച്ചാണ് 25000 രൂപയും ഫലകവുമടങ്ങിയ അവാർഡ് സമ്മാനിച്ചത്.



അഹമ്മദ്ബാദ് ഭദ്രാസനത്തിലെ വൈദിക സംഘം സമ്മേളനം രാജസ്ഥാനിലെ ഉദയ്പൂർ മാർ ഗ്രീഗോറിയോസ് വലിയപള്ളിയിൽ കൂടിയപ്പോൾ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ തെയോഫിലോസിനോടൊപ്പം വൈദികർ.







ഗ്രിഗോറിയൻ പ്രബന്ധ രചനാ മത്സര വിജയികൾ

വിശ്വപ്രസിദ്ധ ചിന്തകനും ദൈവശാസ്ത്രജ്ഞനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെൻറർ ഗ്രിഗോറിയൻ ദർശനങ്ങളെക്കുറിച്ച് നടത്തിയ പ്രബന്ധ രചനാ മത്സര വിജയികൾ.

ഒന്നാം സമ്മാനം (5000 രൂപ)	**ജോയൽ ചെറിയാൻ**
രണ്ടാം സമ്മാനം (3000 രൂപ)	**അതുല്യ ജോസ് (ആലപ്പുഴ)**
മൂന്നാം സ്ഥാനം സമ്മാനം (2000 രൂപ)	**ഡോ. എബ്രഹാം വർഗീസ് (മസ്ക്കറ്റ്)**
പ്രത്യേക ജൂറി അവാർഡ് (1000 രൂപ)	**ആനി വർഗീസ് (നൊയിഡാ)**

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

- പ. പരുമല തിരുമേനി

നോമ്പ്

"ക്രിസ്തീയ സമൂഹത്തിന്റെ സംരക്ഷണത്തിനും ആത്മീയ വളർച്ചക്കും വേണ്ടി, അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ചു ദൈവ മുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്.

നോമ്പ് ദിവസങ്ങളിൽ മൽസ്യ-മാംസ വർജ്ജനം മാത്രമല്ല ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യ വരെയോ, സാധ്യമല്ലെങ്കിൽ മൂന്നു മണി വരെയോ ഉപവസിക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായാർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ.

സഭയുടെ പാരമ്പര്യമനുസ്സരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ളതാണ്. അത് കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പോസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു:

'ഏതെങ്കിലും ഒരു എപ്പിസ്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറൂരായോ, മെസ്മറോനോയോ ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ച) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീര രോഗം മൂലമല്ലെങ്കിൽ, അയാളെ സ്ഥാനത്തു നിന്നും നീക്കണം. അല്മായക്കാരനാണെങ്കിൽ മുടക്കണം."

- ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്

(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക, മെയ്-ജൂലായ്, 1988)